# തൗഹീദും ശിർക്കും
## സംശയങ്ങൾക്ക് മറുപടി
## {بيان حقيقة التوحيد}

[ **Malayalam –** മലയാളം **–** مليالم ]

**തയ്യാറാക്കിയത്:**

**ശൈഖ് സ്വാലിഹ് ബ്നു അബ്ദുല്ല ഫൗസാൻ(ﷺ)**

صالح بن عبدالله فوزان

**വിവർത്തനം:**

**എൻ. വി മുഹമ്മദ് സകരിയ്യ**

ترجمة: محمد سقريا

**Daawa books**

**P.B. No: 1981**

Vyttila, Kochi

Ph: 0091-484-2301275

Email: info@dawabooks.org

مكتب الدعوة ، جمعية مشكاة الحق

كوجين ، كيرلا ، الهند

2012 - 1433

IslamHouse.com

## പ്രസാധകക്കുറിപ്പ്

അന്താരാഷ്ട്ര നിലവാരത്തിൽ മലയാള പുസ്തകങ്ങൾ പുറത്തിറക്കുകയും പ്രസക്തമായ വിവിധ ഭാഷാഗ്രന്ഥങ്ങൾ മലയാളത്തിലേക്ക് മൊഴിമാറ്റം നടത്തി പ്രസിദ്ധീകരിക്കുകയും അന്താരാഷ്ട്ര സമൂഹത്തിന് പരിചയപ്പെടുത്തേ   മലയാള മൗലിക കൃതികൾ മറ്റു ഭാഷകളിലേക്ക് പരിഭാഷപ്പെടുത്തി പ്രസിദ്ധീകരിക്കുകയും ചെയ്യുകയെന്ന ലക്ഷ്യത്തോടെ തുടക്കം കുറിച്ച 'ദഅ്വാ ബുക്സ്' ശ്രദ്ധേയവും വ്യതിരിക്തവുമായ പുസ്തകങ്ങൾ പുറത്തിറക്കിക്കൊ   ് ഇതിനകം തന്നെ പുസ്തക പ്രസാധന രംഗത്ത് സ്ഥിരപ്രതിഷ്ഠ നേടിക്കഴിഞ്ഞിട്ടു   ്, الحمد الله .

വിശുദ്ധ ഖുർആനും തിരുസുന്നത്തുമാകുന്ന ഇസ്‌ലാമിന്റെ അടിസ്ഥാന പ്രമാണങ്ങളെ,പ്രവാചകന്റെ(ﷺ) പ്രത്യേകമായ അംഗീകാരത്തിന് വിധേയമായ ആദിമതലമുറക്കാർ മനസ്സിലാക്കിയതുപോലെ മനസ്സിലാക്കണമെന്ന അഹ്‌ലുസുന്നത്തി വൽ ജമാഅത്തിന്റെ രീതിശാസ്ത്രത്തിൽ ഗ്രന്ഥരചന നടത്തിയിട്ടുള്ള പണ്ഡിതൻമാരുടെ പുസ്തകങ്ങളാണ് പ്രധാനമായും ദഅ്‌വ ബുക്സ് പുറത്തിറക്കുന്നത്.ഗ്രന്ഥകർത്താക്കളുടെ സ്വന്തമായ അഭിപ്രായങ്ങളിലേക്ക് ക്ഷണിക്കുകയല്ല,പ്രമാണബദ്ധമായി കാര്യങ്ങളെ വിലയിരുത്തുകയും മനസ്സിലാക്കുകയും ചെയ്യുന്നതിലേക്ക് നയിക്കുകയാണ് ഇത്തരം ഗ്രന്ഥങ്ങൾ പുറത്തിറക്കുമ്പോൾ 'ദഅ്‌വ ബുക്സ്' ഉദ്ദേശിക്കുന്നത്. ഗ്രന്ഥകർത്താക്കളുടെ സ്വന്തമായ അഭിപ്രായങ്ങൾ ദഅ്‌വാ ബുക്സിന്റെ അഭിപ്രായങ്ങളല്ലെന്നർത്ഥം.

പ്രമാണങ്ങൾ പ്രകാരമുള്ള വിശ്വാസങ്ങളും കർമങ്ങളും സ്വീകരിക്കുമ്പോഴാണ് ഒരാൾ മുസ്‌ലിമായിത്തീരുന്നത്. ഇസ്‌ലാമിന്റെ അടിസ്ഥാന വിശ്വാസമായ തൗഹീദ്........ ശൈഖ് സ്വാലിഹ്

ബിൻ ഫൗസാന്റെ 'ബയാൻ ഹഖീഖത്തുത്തൗഹീദ്' എന്ന കൃതിയുടെ മലയാള ഭാഷാന്തരമാണിത്. എൻ.വി. മുഹമ്മദ് സകരിയ്യയാണ് പരിഭാഷ നിർവഹിച്ചിരിക്കുന്നത്.

നാഥാ. . . . നീ ഇതൊരു പ്രതിഫലാർഹമായ പ്രവർത്തനമായി സ്വീകരിക്കേണമേ (ആമീൻ)

മാനേജർ-

# താളുകളിൽ


| | | |
|---|---|---|
| | പ്രസാധകക്കുറിപ്പ് | 2 |
| | ആമുഖം | 5 |
| 1) | തൗഹീദിന്റെ ഇനങ്ങൾ | 13 |
| 2) | ഇബാദത്തിലെ ശിർക്ക് | 26 |
| 3) | ശിർക്കും ഇന്നത്തെ മുസ്‌ലിംകളും | 27 |
| 4) | പൈതൃകമായി ലഭിച്ച ആചാരങ്ങൾ | 28 |
| 5) | പടച്ചവന്റെ വിധിയാണിത് | 32 |
| 6) | ലാ ഇലാഹ ഇല്ലല്ലാഹ് ചൊല്ലിയാൽ മതി | 37 |
| 7) | മുഹമ്മദ് നബിയുടെ ഉമ്മത്തിൽ ശിർക്കോ? | 39 |
| 8) | അറേബ്യയിൽ പിശാച് ആരാധ്യനോ? | 40 |
| 9) | ഞങ്ങൾ ശഫാഅത്ത് ചോദിക്കുകയല്ലേ? | 41 |
| 10) | മഹാന്മാരെ സ്നേഹിക്കുകയാണ് | 45 |
| 11) | വസീല തേടാൻ ഖുർആൻ പറയുന്നു! | 49 |
| 12) | ഹദീഥിൽ തെളിവു | 53 |
| 13) | കഥകളും സ്വപ്നങ്ങളും | 55 |
| 14) | മുറാദുകൾ ഹാസ്വിലാകുന്നു? | 56 |
| 15) | സൂഫികളുടെ വാദം | 58 |
| 16) | സമാപനം | 58 |

## തൗഹീദും ശിർക്കും
### സംശയങ്ങൾക്ക് മറുപടി

സർവ്വസ്തുതിയും ലോക നാഥനായ അല്ലാഹുവിനാകുന്നു. അന്തിമ പ്രവാചകൻ മുഹമ്മദിനും അന്ത്യ നാൾവരെ അവിടുത്തെ ചര്യ മുറുകെ പിടിച്ചു ജിവിക്കുന്നവർക്കും അല്ലാഹുവിൽ നിന്ന് രക്ഷയും സമാധാനവും ഉ ാവട്ടെ.

വിശ്വാസമാണ് എല്ലാ സമൂഹങ്ങളുടേയും നിലനിൽപിന്റെ ആധാരശില.പുരോഗതിയും സംസ്കൃതിയും അവയുടെ വിശ്വാസത്തേയും ചിന്താഗതിയേയും ആശ്രയിച്ചിരിക്കുന്നു,. തൽഫലമായി വിശ്വാസ സംസ്കരണത്തെ ഉയർത്തിപ്പിടിച്ചു കൊ ാണ് ദൈവദൂതന്മാർ നിയുക്തരായത്. ഓരോ ദൈവദൂതനും തന്റെ ജനങ്ങളോട് ആദ്യമായി ഉണർത്തുന്നത് ഇങ്ങിനെയാണ്.

يَا قَوْمِ اعْبُدُواْ اللَّهَ مَا لَكُم مِّنْ إِلَـهٍ غَيْرُهُ (سورة الأعراف:٥٩)

‘‘എന്റെ ജനങ്ങളെ, നിങ്ങൾ അല്ലാഹുവെ മാത്രം ആരാധിക്കുക. അവനല്ലാതെ മറ്റൊരു ദൈവവും നിങ്ങൾക്കില്ല.’’ (അഅ്റാഫ് 59)

وَلَقَدْ بَعَثْنَا فِي كُلِّ أُمَّةٍ رَّسُولاً أَنِ اعْبُدُواْ اللَّهَ وَاجْتَنِبُواْ الطَّاغُوتَ (النحل:٣٦)

തീർച്ചയായും ഓരോ സമുദായത്തിലും നാം ദൂതരെ നിയോഗിച്ചിട്ടു ്. നിങ്ങൾ അല്ലാഹുവെ ആരാധിക്കുകയും ദുർമൂർത്തികളെ വെടിയുകയും ചെയ്യണം (എന്ന് പ്രബോധനം ചെയ്യാൻ വേ ി) (നഹ്ല് 36)

മറ്റൊന്നിനേയും ആരാധിക്കാതെ, അല്ലാഹുവെ മാത്രം ആരാധിക്കുവാൻ വേ ിയാണ് മനുഷ്യനെ അവൻ സൃഷ്ടിച്ചത്. അല്ലാഹു പറയുന്നു,

وَمَا خَلَقْتُ الْجِنَّ وَالْإِنسَ إِلَّا لِيَعْبُدُونِ (سورة الذاريات:٥٦)

''ജിന്നുകളെയും മനുഷ്യരെയും എന്നെ മാത്രം ആരാധിക്കുവാൻ വേ ിയല്ലാതെ ഞാൻ സൃഷ്ടിച്ചിട്ടില്ല'' (ദാരിയാത്ത് 56)

തന്റെ ദാസൻമാർക്ക് അല്ലാഹുവോടുള്ള ബാദ്ധ്യത അവനെ മാത്രം ആരാധിക്കുക എന്നതാണ്. ഒരിക്കൽ മുആദ്(﵁)നോട് നബി(ﷺ)ചോദിച്ചു ദാസന് അല്ലാഹുവിനോടുള്ള ബാദ്ധ്യത എന്താണെന്നും അല്ലാഹു ദാസന് വേ ി സ്വയം ഏറ്റെടുത്ത ബാദ്ധ്യത എന്താണെന്നും നിനക്ക് അറിയാമോ? തുടർന്ന് തിരുമേനി(ﷺ) പറഞ്ഞു: അല്ലാഹുവെ മാത്രം ആരാധിക്കുക, അവനോട് മറ്റൊന്നിനേയും പങ്കുചേർക്കാതിരിക്കുക, ഇതത്രെ ദാസന് അല്ലാഹുവോടുള്ള ബാദ്ധ്യത. ഇങ്ങനെ തന്നോട് പങ്കുചേർക്കാതെ ജിവിച്ചവരെ ശിക്ഷിക്കാതിരിക്കുക എന്ന വാഗ്ദത്തമാണ് അല്ലാഹു സ്വയം ഏറ്റെടുത്ത ബാധ്യത.

അല്ലാഹുവിന്റെ ഈ അവകാശം മറ്റേത് കാര്യത്തേക്കാളും പ്രാധാന്യമർഹിക്കുന്നു. അതിനേക്കാൾ പ്രധാന്യം നൽകാവുന്ന മറ്റൊരവകാശം ഒരാൾക്കുമില്ല. അല്ലാഹു പറയുന്നു:

وَقَضَى رَبُّكَ أَلاَّ تَعْبُدُواْ إِلاَّ إِيَّاهُ وَبِالْوَالِدَيْنِ إِحْسَانًا (سورة الإسراء:٢٣)

''തന്നെയല്ലാതെ നിങ്ങൾ ആരാധിക്കരുതെന്നും മാതാപിതാക്കൾക്ക് നന്മ ചെയ്യണമെന്നും നിന്റെ രക്ഷിതാവ് വിധിച്ചിരിക്കുന്നു.'' (ഇസ്റാഅ് : 23)

قُلْ تَعَالَوْاْ أَتْلُ مَا حَرَّمَ رَبُّكُمْ عَلَيْكُمْ أَلاَّ تُشْرِكُواْ بِهِ شَيْئًا وَبِالْوَالِدَيْنِ إِحْسَانًا

(سورة الأنعام:١٥١)

(നബിയേ)പറയുക : ‘‘നിങ്ങൾ വരൂ... നിങ്ങളുടെ രക്ഷിതാവ് നിങ്ങളുടെ നിഷിദ്ധമാക്കിയത് നിങ്ങൾക്കു ഞാൻ പറഞ്ഞു കേൾപ്പിക്കാം. അവനോട് യാതൊന്നിനേയും നിങ്ങൾ പങ്കുചേർക്കരുത്, മാതാപിതാക്കൾക്ക് നന്മചെയ്യണം’’. (അൻആം:151)

ബാദ്ധ്യതകളിൽ വെച്ച് പ്രഥമവും പ്രധാനവുമായ ബാധ്യത ഈ കാര്യമാണ്. ഇസ്‌ലാം മതത്തിലെ വിധിവിലക്കുകളുടെ അടിസ്ഥാന ശിലയുമതാണ്. അത് കൊ   തന്നെ മുഹമ്മദ് നബി (ﷺ) പതിമൂന്ന് വർഷം ഈ തത്വത്തിലേക്ക് ജനങ്ങളെ ക്ഷണിച്ച് കൊ   ് മക്കയിൽ കഴിച്ച് കൂട്ടി. അതിനെ സ്ഥിരീകരിക്കുകയും തദ്സംബന്ധമായ സംശയങ്ങൾ ദൂരീകരിക്കുകയും ചെയ്തുകൊ   ് ധാരാളം ഖുർആൻ സൂക്തങ്ങൾ അവതരിച്ചു. നിർബന്ധ-ഐഛിക നമസ്കാരങ്ങൾ നിർവഹിക്കുന്ന ഓരോ മുസ്‌ലിമും ഈ തത്വത്തിൽ താൻ അടിയുറച്ച് നിലകൊള്ളുമെന്ന് അല്ലാഹുവോട് പ്രതിജ്ഞ ചെയ്യുന്നു. അവൻ പറയുകയാണ്:

إِيَّاكَ نَعْبُدُ وإِيَّاكَ نَسْتَعِينُ (سورة الفاتحة:٥)

‘‘നിന്നെ മാത്രം ഞാൻ ആരാധിക്കുന്നു നിന്നോട് മാത്രം ഞങ്ങൾ സഹായമർത്ഥിക്കുന്നു. (ഫാത്തിഹ 5)’’

ഈ മഹത്തായ അവകാശമാണ് തൗഹീദുൽ ഉലൂഹിയ്യ (ആരാധ്യനായിരിക്കുക എന്നതിലെ ഏകത്വം) അഥവാ, തൗഹീദുൽ ഇബാദ എന്ന് അറിയപ്പടുന്നത്. ഈ ഏകത്വം അംഗീകരിക്കുന്ന പ്രകൃതിയിലാണ് മനുഷ്യൻ സൃഷ്ടിക്കപ്പെട്ടത്. ഓരോ കുഞ്ഞും പിറന്ന് വീഴുന്നത് ഈ പ്രകൃതിയിലാണ്. പിന്നീട് ദുഷിച്ച ശിക്ഷണങ്ങൾ വഴി ആ പ്രകൃതി മലിനപ്പെടുന്നു. അങ്ങനെ അവന്റെ മാതാപിതാക്കൾ അവനെ ജൂതനും ക്രിസ്ത്യാനിയും അഗ്നി പൂജകനുമാക്കുകയാണ്. (മുസ്‌ലിം : 2047)

മനുഷ്യരെല്ലാം ഏകദൈവാരാധകരായിരുന്നു. ബഹുദൈവാരാധന പിന്നീട് അവരിലേക്ക് കടന്നുവന്നതാണ്. അല്ലാഹു പറയുന്നു:

كَانَ النَّاسُ أُمَّةً وَاحِدَةً فَبَعَثَ اللّهُ النَّبِيِّينَ مُبَشِّرِينَ وَمُنذِرِينَ وَأَنزَلَ مَعَهُمُ الْكِتَابَ بِالْحَقِّ لِيَحْكُمَ بَيْنَ النَّاسِ فِيمَا اخْتَلَفُواْ فِيهِ (سورة البقرة:٢١٣)

''മനുഷ്യർ ഒരൊറ്റ സമുദായമായിരുന്നു. (അനന്തരം അവർ ഭിന്നിച്ചപ്പോൾ വിശ്വാസികൾക്ക്) സന്തോഷവാർത്ത അറിയിക്കുവാനും (നിഷേധികൾക്ക്) താക്കീത് നൽകുവാനുമായി അല്ലാഹു പ്രവാചകന്മാരെ നിയോഗിച്ചു.അവർ (ജനങ്ങൾ) ഭിന്നിച്ച വിഷയത്തിൽ തീർപ്പ് കൽപിക്കുവാനായി അവരുടെ കൂടെ സത്യവേദവും അവൻ അയച്ചുകൊടുത്തു.'' (അൽ ബഖറ: 213)

وَمَا كَانَ النَّاسُ إِلاَّ أُمَّةً وَاحِدَةً فَاخْتَلَفُواْ وَلَوْلاَ كَلِمَةٌ سَبَقَتْ مِن رَّبِّكَ لَقُضِيَ بَيْنَهُمْ فِيمَا فِيهِ يَخْتَلِفُونَ (سورة يونس:١٩)

''മനുഷ്യർ ഒരൊറ്റ സമുദായം മാത്രമായിരുന്നു. എന്നിട്ടവർ ഭിന്നിച്ചിരിക്കയാണ്.'' (യൂനുസ് 19)

ഇബ്നു അബ്ബാസ്(﵄) പറഞ്ഞു. ആദമിനും നൂഹിനുമിടയിൽ പത്തു നൂറ്റാ ുകളുടെ അനന്തരമു ്. അവർ എല്ലാവരും ഇസ്ലാം മതത്തിൽ തന്നെ നിലകൊ ിരുന്നു. (ഇബ്നു കസീർ 1/250)

ഇബ്നു അബ്ബാസ് പറഞ്ഞതാണ് ശരിയായ വീക്ഷണമെന്ന് അല്ലാമ ഇബ്നു ഖയ്യിം സലക്ഷ്യം രേഖപ്പെടുത്തിയിട്ടു ്.

ആദ്യമായി നൂഹ് നബി(ﷺ)യുടെ ജനതയിലാണ് ബഹുദൈവാരാധന കടന്നുവന്നത്. സദ്വൃത്തരായ ആളുകളെ പരിധി വി

ട്ട് ആദരിക്കുകയും അവരിൽ നിയുക്തനായ ദൈവദൂതന്റെ ബോധനങ്ങളെ അവഗണിക്കുകയും ചെയ്തത് നിമിത്തമായിരുന്നു. അല്ലാഹു പറയുന്നു:

وَقَالُوا لَا تَذَرُنَّ آلِهَتَكُمْ وَلَا تَذَرُنَّ وَدًّا وَلَا سُوَاعًا وَلَا يَغُوثَ وَيَعُوقَ وَنَسْرًا (سورة نوح:٢٣)

അവർ പറഞ്ഞു:''നിങ്ങൾ നിങ്ങളുടെ ദൈവങ്ങളെ ഉപേക്ഷിക്കരുത്. വദ്ദ്, സുവാഅ്, യഗൂദ്, യഊവ്, നസ്റ് എന്നിവരെ നിങ്ങൾ കയ്യൊഴിക്കരുത്. (നൂഹ് 23)''

ഈ സൂക്തത്തിന്റെ  വ്യാഖ്യാനമായി ഇബ്നു അബ്ബാസിൽ നിന്നു ഇമാം ബുഖാരി ഉദ്ധരിക്കുന്നത് കാണുക. ഇതെല്ലാം സദ്‌വൃത്തരായ ഏതാനും ആളുകളുടെ നാമങ്ങളാണ്. അവർ മൃതിയടഞ്ഞപ്പോൾ അവർ പങ്കെടുത്തിരുന്ന സദസ്സുകളിൽ ചില രൂപങ്ങളു   ാക്കി, ആ രൂപങ്ങൾക്ക് അവരുടെ പേരു നൽകണമെന്ന് ജനങ്ങൾക്ക് പിശാച് ബോധനം നൽകി. അവർ അപ്രകാരം ചെയ്തു. അന്നൊന്നും അവർ ആരാധിക്കപ്പെട്ടിരിന്നില്ല. പിന്നീട് ഇവരുടെ കാലം കഴിഞ്ഞപ്പോൾ ഇവയെപറ്റി ശരിയായ അറിവില്ലാതെയായി. അങ്ങനെ ഈ രൂപങ്ങളത്രയും ആരാധിക്കപ്പെട്ടു. (ബുഖാരി 6/133)

ഈ സൂക്തത്തെ പറ്റി ഇബ്നു ഖയ്യിം(رضي الله عنه) പറയുന്നതിങ്ങനെയാണ്:

''പൂർവ്വീകരായ പല പണ്ഡിതന്മാരും വ്യക്തമാക്കിയ പോലെ, അവർ മൃതിയടഞ്ഞപ്പോൾ ജനങ്ങൾ അവരുടെ ഖബറുകൾക്ക് മീതെ ഭജനമിരുന്നു, അവരുടെ പ്രതിരൂപങ്ങളു   ക്കി. കാലം കഴിഞ്ഞപ്പോൾ ആ രൂപങ്ങളെല്ലാം ആരാധ്യ വസ്തുക്കളാ

യിത്തീർന്നു.'' ബഹുദൈവാരാധനയിലെ വൈവിധ്യത്തിലേക്ക് വിരൽ ചൂ  ിക്കൊ  ് അദ്ദേഹം തുടരുന്നു:

''മരിച്ചു പോയ മഹാൻമാരെ ആരാധിക്കുവാൻ വേ  ി അവരുടെ ശിൽപങ്ങളു  ാക്കി, അവയെ ആരാധിക്കുവാനാണ് ഒരുവിഭാഗത്തെ പിശാച് പ്രേരിപ്പിക്കുന്നത്. അതാണ് നൂഹ്(ﷺ)യുടെ ജനതയിൽ സംഭവിച്ചത്. മിക്ക ബഹുദൈവാരാധകരും ഈ ഗണത്തിൽ പെടുന്നു.

മറ്റു ചിലർ പ്രാപഞ്ചിക വ്യവസ്ഥയിൽ സ്വാധീനമുള്ളവയെന്ന് ആരോപിച്ച് കൊ  ് ചില നക്ഷത്രങ്ങളുടെ പ്രതിരൂപങ്ങളു  ാക്കുകയും അവയെ ശ്രീകോവിലിൽ പ്രതിഷ്ഠിച്ചു. പൂജാരിമാരെയും സിൽബന്ധികളേയും നിയോഗിക്കുന്നു.അവയ്ക്ക് പ്രത്യേകമായ വഴിപാടുകൾ നിശ്ചയിക്കുന്നു.പുരാതന കാലം തൊട്ട് ഇന്നും ഈ സമ്പ്രദായം നിലനിൽക്കുന്ന. ഇബ്രാഹിം നബി (ﷺ)യുടെ ജനതയിലേക്കാണ് ഇത്തരം ശിർക്കിന്റെ വേരുകൾ ചെന്നെത്തുന്നത്,. അവർ പടച്ചു  ാക്കിയ ദൈവങ്ങളെ അദ്ദേഹം കരങ്ങൾക്കൊ  ് തച്ചുടക്കുകയും ന്യായവാദങ്ങളെ തെളിവുകൾ കൊ  ് പൊട്ടിച്ചെറിയുകയും ചെയ്തു. ബഹുദൈവാരധാനയുടെ പൊള്ളത്തരങ്ങൾ സ്ഥാപിക്കാൻ വാദപ്രദിവാദം നടത്തി. അപ്പോൾ അദ്ദേഹത്തെ ചുട്ടുകൊല്ലാനവർ തുനിഞ്ഞു!

മറ്റു ചിലർ ചന്ദ്രന്റെ പ്രതിമയു  ാക്കി അതിനെ ആരാധിക്കുന്നു. ഭൂലോകത്തെ നിയന്ത്രിക്കുന്ന ശക്തിയാണ് എന്നവർ വിശ്വാസിക്കുന്നു. വേറെ ചിലർ –മജൂസികൾ– അഗ്നിയെ പൂജിക്കുന്നു.അതിന് വേ  ി കണക്കറ്റ മന്ദിരങ്ങൾ പണിതീർക്കുന്നു.സേവകന്മാരേയു പൂജാരിമാരെയും നിശ്ചയിക്കുന്നു.ഒരു നിമിഷ നേരം പോലും അണഞ്ഞുപോകാതെ അഗ്നി മന്ദിരങ്ങൾ കാത്തു സൂക്ഷിക്കുന്നു. മറ്റു ചിലർ ആരാധിക്കുന്നത് വെള്ളത്തെയാണ്.

അഖിലത്തിന്റെയും ജനനവും വളർച്ചയും നിർമ്മിതിയും ശുദ്ധീ കരണവും വെള്ളത്താൽ ഭവിക്കുന്നു എന്നവർ വാദിക്കുന്നു.

ചിലർ കുതിര, പശു മുതലായ മൃഗങ്ങളെയാണ് ആരാധിക്കുന്നത്. ജിവിക്കുന്ന മനുഷ്യനേയും മൃതിയടഞ്ഞ വ്യക്തിയേയും ആരാധിക്കുന്നു ചിലർ. ജിന്ന്, മാലാഖ, വൃക്ഷങ്ങൾ തുടങ്ങിയവയേയും ആരാധിക്കുന്നവരു ്. ഇങ്ങനെഎല്ലാ സമുദായങ്ങളിലെ ബഹുദൈവാരാധകരേയും ബിംബാരാധന കൊ ് പിശാച് അമ്മാനമാടിയിട്ടു ്. (ഇഗാസത്തുള്ളാഹ്ഫാത്ത് 2/218,219. 229-233)

നൂഹ്(ﷺ)യുടെ ജനതയിൽ ബഹുദൈവാരാധന കടന്നുവന്നതിനെ കുറിച്ച് നേരത്തെ ഉദ്ധരിക്കപ്പെട്ട ഇബ്നു അബ്ബാസ്(ﷺ) പ്രസ്താവനയിൽ നിന്നും ഏതാനും കാര്യങ്ങൾ വ്യക്തമാകുന്നു ്.

1) പൊതുവേദികളിലും മൈതാനങ്ങളിലും പ്രതിമകൾ സ്ഥാപിക്കുന്നതും ചുമരുകളിൽ ചിത്രങ്ങൾ തൂക്കിയിടുന്നതും അപകടകരമായ പ്രവണതയാണ്. കാരണം അവയോടുള്ള ആദരവ് കാലാന്തരത്തിൽ അവ പൂജിക്കപ്പെടാൻ കാരണമായേക്കാം. അവയ്ക്ക് ഉപകാരമോ ഉപ്രദവമോ വരുത്താൻ സിദ്ധിയുെ ന്ന വിശ്വാസമു ാകും. അങ്ങനെ അവ ജനങ്ങളെ ബഹുദൈവാരാധനയിലേക്ക് വഴിനടത്തുന്ന മാധ്യമങ്ങളായിത്തീരും. നൂഹ്(ﷺ)ന്റെ ജനതയിലു ായതിതാണ്.

2) മനുഷ്യനെ ദുർമാഗത്തിൽ ചാടിക്കാനുള്ള പിശാചിന്റെ താൽപര്യവും അതിന് വേ ി അവൻ ഒരുക്കുന്ന കുതന്ത്രങ്ങളും അതിവിപുലമാണ്. മാനുഷികമായ വികാരങ്ങളെ ചൂഷണം ചെയ്ത് കൊ ും,നന്മയാണിതെന്ന തോന്നലു ാക്കിക്കൊ ു

മാണ് ചിലപ്പോഴവൻ കടന്നുവരുന്നത്. നൂഹ്(ﷺ)ന്റെ ജനത സദ്വൃത്തന്മാരോട് അളവറ്റ സ്നേഹവും ബഹുമാനവുമുള്ളവരാണെന്ന് ക  പ്പോൾ പരിധി വിട്ട സ്നേഹത്തിലേക്ക് അവരെ നയിക്കുകയാണ് പിശാച് ചെയ്തത്. അങ്ങനെ പൊതുവേദികളിൽ അവരുടെ ശിൽപങ്ങൾ സ്ഥാപിക്കാൻ പ്രേരിപ്പിച്ചു. അവന്റെ ലക്ഷ്യമാകട്ടെ, സത്യപാതയിൽ നിന്നും അവരെ പുറത്ത് ചാടിക്കുകയായിരുന്നു.

3) ജിവിക്കുന്ന തലമുറയെ വഴിപിഴപ്പിക്കുവാൻ മാത്രമല്ല, വരാനിരിക്കുന്ന ഭാവി തലമുറയെക്കൂടി ലക്ഷ്യമിട്ടുകൊ  ാണ് പിശാച് കെണിയൊരുക്കുക. ജീവിക്കുന്ന തലമുറയെ ബഹുദൈവാരാധനയിൽ വീഴ്ത്താൻ സാധിക്കാതെ വന്നപ്പോൾ ഭാവി തലമുറയെ മുന്നിൽ ക  ുകൊ ് കരുക്കൾ നീക്കിയതാണ് നൂഹ്(ﷺ)ന്റെ ജനതയിൽ നമ്മൾ ക  ത്.

4) തിന്മയുടെ മാധ്യമങ്ങളെ നിസ്സാരമായി അവഗണിക്കാൻ പാടില്ല. അവയുമായുള്ള ബന്ധം വിച്ഛേദിക്കണം. അവ കടന്നുവരുന്ന കവാടങ്ങളെ കൊട്ടിയടക്കണം.

5) കർമ്മ നിരതരായ പണ്ഡിതന്മാരുടെ സാന്നിദ്ധ്യം ജനങ്ങൾക്ക് ഏറെ ഗുണകരമാണ്. അവരുടെ അസാന്നിദ്ധ്യത്തിൽ മാത്രമേ ജനങ്ങളെ ഒന്നടങ്കം വഴിതെറ്റിക്കുവാൻ പിശാചിന് സാധിക്കുകയുള്ളൂ.

## തൗഹീദിന്റെ ഇനങ്ങൾ

ഇസ്‌ലാമിലെ ഏകദൈവ സിദ്ധാന്തം (തൗഹീദ്) ര ു വശങ്ങൾ ഉൾക്കൊള്ളുന്നു.

**ഒന്ന്: തൗഹീദു റുബൂബിയ്യ**[1]

അല്ലാഹു മാത്രമാണ് സ്രഷ്ടാവ് എന്ന് സമ്മതിക്കുക.അതോടൊപ്പം സൃഷ്ടിക്കുക, നിയന്തിക്കുക, ജീവിപ്പിക്കുക, മരിപ്പിക്കുക, നന്മവരുത്തുക, തിന്മതടയുക എന്നിവയെല്ലാം അവനിൽ മാത്രം നിക്ഷിപ്തമായ കാര്യങ്ങളാണ് എന്ന് വിശ്വസിക്കുകയും അംഗീകരിക്കുകയും ചെയ്യുക. ഇതാണ് തൗഹീദു റുബൂബിയ്യയുടെ വിവക്ഷ.

ഈ കാര്യത്തിൽ ഒരു സമുദായവും തർക്കം ഉന്നയിച്ചിട്ടില്ല.മക്കയിലെ ബഹു ദൈവാരാധകർ പോലും ഇതൊന്നും നിഷേധിച്ചിട്ടില്ല. അവർ ബഹുദൈവാരാധകരായിരിക്കെ തന്നെ അംഗീകരിച്ച കാര്യമാണിത്. ഖുർആൻ പറയുന്നത് നോക്കുക:

قُلْ مَن يَرْزُقُكُم مِّنَ السَّمَاءِ وَالأَرْضِ أَمَّن يَمْلِكُ السَّمْعَ والأَبْصَارَ وَمَن يُخْرِجُ الْحَيَّ مِنَ الْمَيِّتِ وَيُخْرِجُ الْمَيَّتَ مِنَ الْحَيِّ وَمَن يُدَبِّرُ الأَمْرَ فَسَيَقُولُونَ اللّهُ فَقُلْ أَفَلاَ تَتَّقُونَ (سورة يونس:31)

പറയുക. ''ആകാശത്തു നിന്നും ഭൂമിയിൽ നിന്നും നിങ്ങൾക്ക് ആഹാരം നൽകുന്നത് ആരാണ്? അതല്ലെങ്കിൽ കേൾവിയും കാഴ്ചയും അധീനപ്പെടുത്തുന്നത് ആരാണ്?.ജീവനില്ലാത്തതിൽ നിന്ന് ജീവനുള്ളതും, ജീവനുള്ളതിൽ നിന്ന് ജീവനില്ലാത്തതും പുറപ്പെടുവിക്കുന്നതും ആരാണ് കാര്യങ്ങൾ നിയന്ത്രിക്കുന്നവൻ

---
[1] ഇതിനെ രക്ഷാകർതൃത്വത്തിലെ ഏകത്വം എന്ന് പറയാം.

ആരാണ്.? അവർ പറയും അല്ലാഹു എന്ന്. അപ്പോൾ പറയുക എന്നിട്ട് നിങ്ങൾ സൂക്ഷ്മത പാലിക്കുന്നില്ലേ ?'' (യൂനുസ് 31)

ഇതുപോലുള്ള നിരവധി ഖുർആൻ സുക്തങ്ങൾ കാണാം. അവയെല്ലാം രക്ഷാകർതൃത്വത്തിലെ അല്ലാഹുവിന്റെ ഏകത്വം ബഹുദൈവാരാധകർ അംഗീകരിച്ചുവെന്ന് വ്യക്തമായി വിശദീകരിക്കുന്നു. അവർ അംഗീകരിക്കാൻ വിസമ്മതിച്ചത് തൗഹീദിന്റെ ര ാമത്തെ വശമാണ്.

### ര ്. തൗഹീദുൽ ഉലൂഹിയ്യ[2]

അഥവാ അല്ലാഹുവെ മാത്രം ആരാധിക്കുക എന്ന തത്വം മനുഷ്യർ ആരാധനാഭാവത്തോടെ ചെയ്യുന്ന എല്ലാ കർമങ്ങളും അല്ലാഹുവെ മാത്രം ലക്ഷ്യം വെച്ച് കൊ ുള്ളതും അവനോട് മാത്രമുള്ള അർഥനയുമാകണം. എന്നതത്രെ ഈ തത്വത്തിന്റെ പൊരുൾ. അതറിയിക്കുന്ന അറബി വാക്യമാണ് ലാ ഇല്ലാഹ ഇല്ലല്ലാഹ് (ഒരു ദൈവവുമില്ല, അല്ലാഹുവല്ലാതെ) ആരാധനയുടെ എല്ലാ ഇനങ്ങളും അല്ലാഹുവിൽ മാത്രം സ്ഥിരീകരിക്കുകയും, അവനല്ലാത്ത മറ്റെല്ലാത്തിൽ നിന്നും അതിനെ നിഷേധിക്കുകയും ചെയ്യുന്ന വാക്യമാണിത്. ഈ വാക്യം പ്രഖ്യാപിക്കാൻ മുഹമ്മദ് നബി(ﷺ) മക്കയിലെ ബഹുദൈവാരാധകരോട് ആവശ്യപ്പെട്ടപ്പോൾ അവർ കൂട്ടാക്കിയില്ല. ആവർ ചോദിച്ചു:

أَجَعَلَ الْآلِهَةَ إِلَهًا وَاحِدًا إِنَّ هَذَا لَشَيْءٌ عُجَابٌ (سورة ص:٥)

''ഇവൻ ദൈവങ്ങളെ ഒരൊറ്റ ദൈവമാക്കിയിരക്കയാണോ. തീർച്ചയായും ഇത് ഒരത്ഭുതകരമായ കാര്യം തന്നെ. (സ്വാദ് 5)''

---

[2] ഇതിനെ ആരാധ്യനായിരിക്കുക എന്നതിലെ അല്ലാഹുവിന്റെ ഏകത്വമെന്ന് സാമാന്യമായി ഭാഷാന്തരം ചെയ്യാം.

കാരണം ലാ ഇലാഹ ഇല്ലല്ലാഹു (ഒരു ദൈവവുമില്ല അല്ലാഹുവല്ലാതെ) എന്നു പ്രഖ്യാപിക്കുന്നതോടെ ആരാധ്യൻ അല്ലാഹു മാത്രമാണ് എന്നും അവനല്ലാത്തവർക്കുള്ള ആരാധന നിരർത്ഥകമാണെന്നും തങ്ങൾ സമ്മതിക്കുകയാണ് ചെയ്യുന്നത് എന്ന് അവർ മനസിലാക്കിയിരുന്നു, ദൈവം (ഇലാഹ്) എന്നാൽ ആരാധിക്കപ്പെടുന്നത് എന്നാണല്ലോ വിവക്ഷ. (അല്ലാഹു ഇഷ്ടപ്പെടുകയും തൃപ്തിപ്പെടുകയും ചെയ്യുന്ന ബാഹ്യവും ആന്തരികവുമായ എല്ലാ വാക്കുകളെയും പ്രവർത്തികളെയും ഉൾക്കൊള്ളുന്ന ഒരു സംജ്ഞയാണ് ആരാധന).[3] അപ്പോൾ ഒരു ദൈവവുമില്ല, അല്ലാഹുവല്ലാതെ എന്നു പ്രഖ്യാപിച്ച ശേഷം അല്ലാഹുവല്ലാത്തവരോട് പ്രാർത്ഥിക്കുന്നത് തന്റെ പ്രഖ്യാപനത്തിന് വിരുദ്ധം പ്രവർത്തിക്കലാകും.

രക്ഷാകർതൃത്വത്തിലെ ഏകത്വവും (തൗഹീദ് റുബൂബിയ്യ) ആരാധ്യനായിരിക്കുക എന്നതിലെ ഏകത്വവും (തൗഹീദുൽ ഉലൂഹിയ്യ) പരസ്പര പൂരകങ്ങളാണ്. ഒന്നാമത്തെത് അംഗീകരിച്ചവൻ ര  ാമത്തെത് സമ്മതിക്കാൻ ബാദ്ധ്യസ്ഥനാണ്. (അതായത് ഏകനായ പ്രപഞ്ചനാഥന്റെ രക്ഷാകർതൃത്വം അംഗീകരിക്കുന്നവൻ ആരാധിക്കപ്പെടാൻ അവനല്ലാതെ മറ്റൊന്നിനും അർഹതയില്ലെന്ന് സമ്മതിക്കേ  താണ്–വിവ.)പ്രത്യക്ഷമായും പരോക്ഷമായും ഈ കാര്യത്തിൽ അടിയുറച്ചു നിൽക്കാൻ അവൻ കടപ്പെട്ടിരിക്കുന്നു. ഈ അടിസ്ഥാനത്തിലാണ് അല്ലാഹുവെ മാത്രമെ ആരാധിക്കാവൂ എന്ന് സ്വന്തം സമൂഹത്തോട് അവശ്യപ്പെട്ടപ്പോഴെല്ലാം, അതിന്റെ പ്രമാണമായി അവർ അംഗീകരിച്ചിരുന്ന തൗഹീദ് റൂബൂബിയ്യ ദൈവദൂതന്മാർ ചൂ  ിക്കാണിച്ചത്. അല്ലാഹു പറയുന്നു:

---

[3] ഇവിടെ ആരാധനകൊ  ് ഉദ്ദേശിക്കുന്നത് അല്ലാഹുവിങ്കൽ സ്വീകാര്യമായ ആരാധനയാണ്. (വിവ.)

ذَلِكُمُ اللّهُ رَبُّكُمْ لا إِلَـهَ إِلاَّ هُوَ خَالِقُ كُلِّ شَيْءٍ فَاعْبُدُوهُ وَهُوَ عَلَى كُلِّ شَيْءٍ وَكِيلٌ
(سورة الأنعام: ١٠٢)

''അങ്ങനെയുള്ളവനാണ് നിങ്ങളുടെ രക്ഷിതാവായ അല്ലാഹു. അവനല്ലാതെ ഒരു ദൈവവുമില്ല. എല്ലാ വസ്തുക്കളുടേയും സ്രഷ്ടാവാണവൻ. അതിനാൽ അവനെ നിങ്ങൾ ആരാധിക്കുക. അവൻ സകല കാര്യങ്ങളുടേയും കൈകാര്യക്കാരനാകുന്നു.(അൻആം 102)''

وَلَئِن سَأَلْتَهُم مَّنْ خَلَقَ السَّمَاوَاتِ وَالْأَرْضَ لَيَقُولُنَّ اللَّهُ قُلْ أَفَرَأَيْتُم مَّا تَدْعُونَ مِن دُونِ اللَّهِ إِنْ أَرَادَنِيَ اللَّهُ بِضُرٍّ هَلْ هُنَّ كَاشِفَاتُ ضُرِّهِ أَوْ أَرَادَنِي بِرَحْمَةٍ هَلْ هُنَّ مُمْسِكَاتُ رَحْمَتِهِ قُلْ حَسْبِيَ اللَّهُ عَلَيْهِ يَتَوَكَّلُ الْمُتَوَكِّلُونَ (سورة الزمر: ٣٨)

''അകാശങ്ങളും ഭൂമിയും സൃഷ്ടിച്ചതാരെന്ന് നീ അവരോട് ചോദിക്കുന്ന പക്ഷം തീർച്ചയായും അവർ പറയും; അല്ലാഹുവെന്ന്. നീ പറയുക, എങ്കിൽ അല്ലാഹുവിന് പുറമെ നിങ്ങൾ വിളിച്ച് പ്രാർത്ഥിക്കുന്നവയെ പറ്റി നിങ്ങൾ ചിന്തിച്ച് നോക്കിയിട്ടുേ ാ? എനിക്ക് വല്ല ഉപദ്രവവും വരുത്താൻ അല്ലാഹു ഉദ്ദേശിച്ചിട്ടുെ ങ്കിൽ അവയ്ക്ക് അവന്റെ ഉപദ്രവം നീക്കം ചെയ്യാനാവുമോ? അല്ലെങ്കിൽ അവൻ എനിക്ക് വല്ല അനുഗ്രഹം ചെയ്യാനുദ്ദേശിച്ചാൽ അവയ്ക്ക് അവന്റെ അനുഗ്രഹം പിടിച്ച് വെക്കാൻ കഴിയുമോ? പറയുക! എനിക്ക് അല്ലാഹു മതി. അവന്റെ മേലാകുന്നു ഭരമേൽപ്പിക്കുന്നവൻ ഭരമേൽപ്പിക്കുന്നത്.''(സുമർ 38)

ചുരുക്കത്തിൽ അല്ലാഹുവിന്റെ രക്ഷാകർതൃത്വത്തിലെ ഏകത്വം പ്രകൃത്യാ മനുഷ്യൻ അംഗീകരിക്കുന്നു. ബഹുദൈവാരാധകർ തന്നെ അതിൽ തർക്കിച്ചിട്ടില്ല. പ്രപഞ്ചം സ്വയംഭൂവാണെന്ന് വാദിക്കുന്ന നാസ്തികരായ ഭൗതിക വാദികളല്ലാതെ ലോക

ത്ത് ഒരു സമുദായവും ഈ പരമാർത്ഥം നിഷേധിച്ചിട്ടില്ല. അവരെ പറ്റി അല്ലാഹു പറയുന്നതിങ്ങനെയാണ്.

وَقَالُوا مَا هِيَ إِلَّا حَيَاتُنَا الدُّنْيَا نَمُوتُ وَنَحْيَا وَمَا يُهْلِكُنَا إِلَّا الدَّهْرُ (سورة الجاثية: ٢٤)

''അവർ പറഞ്ഞു: ''ജീവിതമെന്നാൽ നമ്മുടെ ഐഹിക ജീവിതം മാത്രമാകുന്നു. നാം മരിക്കുന്നു.നാം ജീവിക്കുന്നു. നമ്മെ നശിപ്പിക്കുന്നത് കാലം മാത്രമാകുന്നു.'' (ജാസിയ 24)

തുടർന്നു അല്ലാഹുവിന്റെ മറുപടിയിതാണ്:

وَمَا لَهُم بِذَلِكَ مِنْ عِلْمٍ إِنْ هُمْ إِلَّا يَظُنُّونَ (سورة الجاثية: ٢٤)

''(വാസ്തവത്തിൽ) അവർക്ക് അതിനെപ്പറ്റി യാതൊരു അറിവും ഇല്ല. അവർ ഊഹിക്കുക മാത്രമാകുന്നു.''

അതായത് ഖണ്ഡിതമായ രേഖയുടെ വെളിച്ചത്തിൽ പടുത്തുയർത്തിയതല്ല അവരുടെ നിഷേധം.മറിച്ചു, കേവലം ഊഹാധിഷ്ഠിതമായ സിദ്ധാന്തങ്ങൾ മാത്രമാണ് അവർക്ക് അവലംബം. സത്യത്തിന്റെ മുൻപിൽ ഊഹത്തിന് നിലനിൽപ്പില്ല. മാത്രമല്ല അല്ലാഹുവിന്റെ ഈ ചോദ്യങ്ങൾക്ക് മറുപടി പറയാൻ അവർക്ക് ആവില്ല.

أَمْ خُلِقُوا مِنْ غَيْرِ شَيْءٍ أَمْ هُمُ الْخَالِقُونَ*أَمْ خَلَقُوا السَّمَاوَاتِ وَالْأَرْضَ بَل لَّا يُوقِنُونَ (سورة الطور: ٣٥،٣٦)

''ഒരു വസ്തുവിൽനിന്നുമല്ലാതെ അവർ സൃഷ്ടിക്കപ്പെട്ടിരിക്കയാണോ. അതല്ല, അവർ തന്നെയാണോ സ്രഷ്ടാക്കൾ അതല്ല അവരാണോ ആകാശവും ഭൂമിയും സൃഷ്ടിച്ചിരിക്കുന്നത് അവർ ദൃഢമായി വിശ്വസിക്കുന്നില്ല.'' (തൂർ 35, 36)

هَذَا خَلْقُ اللَّهِ فَأَرُونِي مَاذَا خَلَقَ الَّذِينَ مِن دُونِهِ ... (سورة لقمان: ١١)

‘‘ഇതൊക്കെ അല്ലാഹുവിന്റെ സൃഷ്ടിയാകുന്നു.എന്നാൽ അവനു പുറമെയുള്ളവർ സൃഷ്ടിച്ചിട്ടുള്ളത് എന്താണെന്ന് എനിക്ക് കാണിച്ചു തരൂ. (ലുഖ്മാൻ 11)’’

**قُلْ أَرَأَيْتُم مَّا تَدْعُونَ مِن دُونِ اللَّهِ أَرُونِي مَاذَا خَلَقُوا مِـنَ الْأَرْضِ أَمْ لَهُـمْ شِرْكٌ فِي السَّمَاوَاتِ ...** (سورة الأحقاف: ٤)

‘‘(നബിയേ) നീപറയുക, അല്ലാഹുവിനു പുറമെ നിങ്ങൾ വിളിച്ചു പ്രാർത്ഥിക്കുന്നതിനെ പറ്റി നിങ്ങൾ ചിന്തിച്ചുനോക്കിയിട്ടുേ ാ ഭൂമിയിൽ അവർ എന്താണ് സൃഷ്ടിച്ചിട്ടുള്ളതെന്ന്. നിങ്ങൾ എനിക്ക് കാണിച്ച് തരൂ. അതല്ല, ആകാശങ്ങളുടെ സൃഷ്ടിപ്പിൽ വല്ല പങ്കും അവർക്കുേ ാ?’’ (അഹ്ഖാഫ് 4)

ഫിർഔനിനെ പോലെയുള്ളവർ രക്ഷകർത്യത്വത്തിലെ ഏകത്വം നിഷേധിക്കുന്നതായി നടിച്ചിട്ടുെ ങ്കിൽ തന്നെ ഉള്ളിൽ അവർ അത് അംഗീകരിച്ചിരിക്കുന്നു. ഫിർഔനിനെപ്പറ്റി അല്ലാഹു പറയുന്നു:

**لَقَدْ عَلِمْتَ مَا أَنزَلَ هَـؤُلاء إِلاَّ رَبُّ السَّمَاوَاتِ وَالأَرْضِ ...** (سورة الإسراء: ١٠٢)

‘‘ഇവ ഇറക്കിയത് ആകാശങ്ങളുടെയും ഭൂമിയുടെയും രക്ഷിതാവ് തന്നെയാണെന്ന് തീർച്ചയായും നീ മനസ്സിലാക്കിയിട്ടു ്. (ഇസ്റാഅ് 102)’’

ഫിർഔനിന്റെ അനുയായികളുടെ അവസ്ഥയും മറിച്ചായിരുന്നില്ല. അവരെപ്പറ്റി അല്ലാഹു പറയുന്നു:

**وَجَحَدُوا بِهَا وَاسْتَيْقَنَتْهَا أَنفُسُهُمْ ظُلْمًا وَعُلُوًّا ...** (سورة النمل: ١٤)

‘‘അവയെപ്പറ്റി അവരുടെ മനസ്സുകൾക്ക് ദൃഢമായ ബോധ്യം വന്നിട്ടും അക്രമവും അഹങ്കാരവും നിമിത്തം അവരതിനെ നിഷേധിച്ചു കളഞ്ഞു. (നംല് 14)’’

മാത്രമല്ല പൂർവ്വ സമുദായങ്ങളുടെ നിഷേധത്തെപ്പറ്റി അല്ലാഹു പറയുന്നത് നോക്കുക:

وَعَادًا وَثَمُودَ وَقَد تَّبَيَّنَ لَكُم مِّن مَّسَاكِنِهِمْ وَزَيَّنَ لَهُمُ الشَّيْطَانُ أَعْمَالَهُمْ فَصَدَّهُمْ عَنِ السَّبِيلِ وَكَانُوا مُسْتَبْصِرِينَ (سورة العنكبوت: ٣٨)

''ആദ്, ഥമൂദ്, സമുദായങ്ങളേയും (നാം നശിപ്പിച്ചു). അവരുടെ വാസസ്ഥലങ്ങളിൽ നിന്ന് നിങ്ങൾക്കത് വ്യക്തമായി മനസ്സിലായിട്ടു ്. പിശാച് അവർക്ക് അവരുടെ പ്രവർത്തനങ്ങൾ ഭംഗിയായി തോന്നിക്കുകയും അവരെ ശരിയായ മാർഗത്തിൽ നിന്ന് തടയുകയും ചെയ്തു. അവർ ക റിയുവാൻ കഴിവുള്ളവരായിരുന്നു. (അൻകബൂത്ത് 38)''

ചുരുക്കത്തിൽ തൗഹീദിന്റെ ഈ വശം ഒരു സമുദായവും നിഷേധിച്ചിട്ടില്ല. മാത്രമല്ല,ഈ വശത്തിൽ മിക്കവാറും ശിർക്കും ഉ ായിട്ടില്ല. എല്ലാവരും അല്ലാഹു മാത്രമാണ് സ്രഷ്ടാവെന്നും അവൻ മാത്രമാണ് പ്രപഞ്ചത്തിന്റെ നിയന്താവെന്നും അംഗീകരിച്ചിരുന്നു. തുല്യ കഴിവുകളും ഗുണ വിശേഷങ്ങളുമുള്ള ര ു സ്രഷ്ടാക്കളെ സങ്കൽപിക്കുന്ന ഒരംഗീകൃത സമൂഹം ഉ ായിട്ടില്ല.

വെളിച്ചമെന്ന നന്മയുടെ സ്രഷ്ടാവ്, ഇരുട്ടെന്ന തിന്മയുടെ സ്രഷ്ടാവ് എന്നിങ്ങനെ ര ് സ്രഷ്ടാക്കളെ സങ്കൽപിക്കുന്നവരാണ് അഗ്നിയാരാധകർ. പക്ഷെ വെളിച്ചമാണ് അവരുടെ സങ്കൽപത്തിലെ മികച്ചതും മൗലികവും. ഇരുട്ട് പിന്നീട് ഉ ായതാണ്. അഥവാ, വെളിച്ചത്തിനു തുല്യമായി അവർ ഇരുട്ടിനെ കാണുന്നില്ല. ത്രിത്വവാദികളായ ക്രിസ്ത്യാനികളും സ്വതന്ത്രാസ്തിത്വമുള്ള മൂന്ന് പ്രപഞ്ചനാഥന്മാരു ന്ന് സങ്കൽപ്പിക്കുന്നില്ല.ലോകനാഥൻ ഏകനാണെന്ന് അവർ അംഗീകരിക്കുന്നു.പിതാവാണ് ഏറ്റവും വലിയ ദൈവമെന്നാണ് അവർ പറയുന്നത്.

അതെ, തൗഹീദിന്റെ ഒന്നാമത്തെ വശമായ രക്ഷാകർതൃത്വ ത്തിലെ ഏകത്വ(തൗഹീദു റുബൂബിയ്യ)ത്തിന്റെ കാര്യത്തിൽ ഭി ന്നതയല്ല, യോജിപ്പാണ് എല്ലാ സമുദായത്തിലും കാണുന്നത്.വി രളമായി മാത്രമേ ഈ വശത്തിൽ പ്രപഞ്ചനാഥന് പങ്കാളികളു െ ന്ന സങ്കൽപ്പമു ായിട്ടുള്ളു.

എന്നാൽ ഈ വശം അംഗീകരിക്കുന്നത് കൊ ് മാത്രം ഒ രാൾ ഇസ്‌ലാമിൽ പ്രവേശിക്കുന്നില്ല. അതോടൊപ്പം അതിന്റെ അനിവാര്യ താൽപര്യമായ അല്ലാഹു മാത്രമെ ആരാധ്യനായിരി ക്കാവൂ എന്ന വശം കൂടി പ്രാവർത്തികമാക്കണം. ബഹുദൈവാ രാധകാരായ ജനതകളെല്ലാം, പ്രത്യേകിച്ച് അന്തിമ പ്രവാചകൻ നിയുക്തനായ മക്കയിലെ ബഹുദൈവാരധകർ തൗഹീദിന്റെ ഒ ന്നാമത്തെ വശം അംഗീകരിച്ചിരുന്നു.പക്ഷെ, അല്ലാഹുവെ മാത്ര മേ ആരാധിക്കാവൂ എന്ന വശം സമ്മതിക്കാൻ അവർ കൂട്ടാക്കി യില്ല. അതിനാൽ അവർ മുസ്‌ലിംകളായില്ല.ആരാധ്യനായിരിക്കു ക എന്നതിലെ അല്ലാഹുവിന്റെ ഏകത്വത്തിലേക്ക് ഖുർആൻ ക്ഷ ണിക്കുന്നത് തന്നെ രക്ഷാകർതൃത്വത്തിലെ ഏകത്വം ചൂ ി കാ ണിച്ച് കൊ ാണ്. അഥവാ തങ്ങൾ സമ്മതിച്ച വസ്തുതയുടെ വെളിച്ചത്തിൽ തന്നെ നിഷേധിക്കുന്ന കാര്യം അംഗീകരിക്കണം എന്നാണ് ബഹുദൈവാരാധകരോട് ഖുർആൻ ആവശ്യപ്പെടുന്ന ത്. അതെ, അല്ലാഹുവെ മാത്രം ആരാധിക്കണമെന്ന് ഖുർആൻ കൽപ്പിക്കുമ്പോൾ അല്ലാഹു മാത്രമാണ് പ്രപഞ്ചനാഥനെന്നത് അ വർ അംഗീകരിച്ചതാണെന്ന് അറിയിപ്പു നൽകുകയാണ്.അല്ലാഹു വിനെ മാത്രം ആരാധിക്കുക എന്നത് ആവശ്യപ്പെടുന്ന ശൈലി യിൽ പറയുമ്പോൾ രക്ഷാകർതൃത്വത്തിലെ ഏകത്വം വൃത്താന്ത വിവരണത്തിന്റെ ശൈലിയിലാണ്.

കൽപന ശൈലിയിലുള്ള പ്രഥമ ഖുർആനിക സൂക്തം തന്നെ നോക്കുക:

يَا أَيُّهَا النَّاسُ اعْبُدُواْ رَبَّكُمُ الَّذِي خَلَقَكُمْ وَالَّذِينَ مِن قَبْلِكُمْ لَعَلَّكُمْ تَتَّقُونَ*الَّذِي جَعَلَ لَكُمُ الأَرْضَ فِرَاشاً وَالسَّمَاء بِنَاء وَأَنزَلَ مِنَ السَّمَاء مَاء فَأَخْرَجَ بِهِ مِنَ الثَّمَرَاتِ رِزْقاً لَّكُمْ فَلاَ تَجْعَلُواْ لِلّهِ أَندَاداً وَأَنتُمْ تَعْلَمُونَ (سورة البقرة: ٢١،٢٢)

‘‘ജനങ്ങളേ,നിങ്ങളേയും നിങ്ങളുടെ മുൻഗാമികളെയും സൃഷ്ടിച്ച നിങ്ങളുടെ നാഥനെ നിങ്ങൾ ആരാധിക്കുവിൻ, നിങ്ങൾ സൂക്ഷ്മതയോടെ ജീവിക്കുവാൻ വേ ിയത്രേ അത്. നിങ്ങൾക്ക് വേ ി ഭൂമിയെ മെത്തയായും ആകാശത്തെ മേൽപുരയുമാക്കിത്തരികയും ആകാശത്തുനിന്ന് വെള്ളം ചൊരിഞ്ഞ് തന്നിട്ട് അതു മുഖേന നിങ്ങൾക്ക് ഭക്ഷിക്കുവാനുള്ള കായ്കനികൾ ഉൽപാദിപ്പിച്ചു തരികയും ചെയ്തു(നാഥനെ). അതിനാൽ(ഇതെല്ലാം) അറിഞ്ഞു കൊ ് നിങ്ങൾ അല്ലാഹുവിന് സമന്മാരെ ഉ ാക്കരുത്.’’ (അൽ ബഖറ 21, 22)

അല്ലാഹുവെ മാത്രമെ ആരാധിക്കാവൂ എന്ന കൽപനയും, അതിലേക്കുള്ള ക്ഷണവും, അതിനെതിരിൽ ഉന്നയിക്കപ്പെടുന്ന സംശയങ്ങളും അവയ്ക്കുള്ള മറുപടിയും എന്നിങ്ങനെയായി ധാരാളം ഖുർആൻ സുക്തങ്ങൾ കാണാം.ഖുർആനിലെ ഓരോ അധ്യായവും, ഓരോ സൂക്തവും തൗഹീദിലേക്കുള്ള ക്ഷണമാണെന്ന് പറഞ്ഞാൽ തെറ്റില്ല. കാരണം ഖുർആൻ ഒന്നുകിൽ അല്ലാഹുവിന്റെ നാമങ്ങളും ഗുണങ്ങളും ചെയ്തികളുംവിവരിക്കുന്നു. ഇതാണ് തൗഹീദു റുബൂബിയ്യ. അല്ലെങ്കിൽ ആരാധന അല്ലാഹുവിന് മാത്രമെ പാടുള്ളു, അവന് പങ്കുകാരില്ല, അവനെ കൂടാതെ ആരാധിക്കപ്പെടുന്ന എല്ലാ ദൈവങ്ങളേയും കയ്യൊഴിയണം എന്ന് കൽപിക്കുന്നു. ഇതാണ് തൗഹീദുൽഉലൂഹിയ്യ. അല്ലെങ്കിൽ തൗഹീദ് ഉൾക്കൊള്ളുകയും അവനെ അനുസരിക്കുകയും ചെയുന്നവർക്ക് ഭൗതികവും പാരത്രികവുമായി ലഭിക്കുന്ന മാന്യതയെ പറ്റി വിവരിക്കുന്നു. ഇതാണ് തൗഹീദിന്റെ പ്രതിഫലം. അ

തല്ലെങ്കിൽ ബഹുദൈവാരാധകരെപ്പറ്റിയും ഇഹത്തിലും പരത്തിലും അവർക്കുള്ള പ്രത്യാഘാതങ്ങളെപ്പറ്റിയും പറയുന്നു. ഇതാണ്. തൗഹീദിൽ നിന്ന് വ്യതിചലിച്ചവരുടെ അനന്തരഫലം അതല്ലെങ്കിൽ വിധിവിലക്കുകളും മതനിയമങ്ങളും വിവരക്കുന്നു. ഇത് തൗഹീദിന്റെ അവകാശകളാണ്.കാരണം മതനിയമങ്ങളു ാ ക്കാൻ അല്ലാഹുവിനല്ലാതെ അവകാശമില്ല.

തൗഹീദിന്റെ എല്ലാ നിയമങ്ങളും അവകാശങ്ങളും ഉൾകൊള്ളുന്ന ഒരു വാക്യമാണ് ലാഇല്ലാഹ ഇല്ലല്ലാഹ് ഇതിൽ നിഷേധവും സ്ഥിരീകരണവും കാണാം. അല്ലാഹുവല്ലാത്ത മറ്റെല്ലാത്തിൽ നിന്നും ദിവ്യത്വം നിഷേധിക്കുകയും ദിവ്യത്വം അല്ലാഹുവിൽ മാത്രം സ്ഥിരീകരിക്കുകയും ചെയ്യുന്നു. അതുപോലെ രക്ഷകൻ അല്ലാഹു മാത്രമാണെന്നും അവനല്ലാത്ത മറ്റെല്ലാ ശക്തികളിൽ നിന്നും മുക്തി നേടലും ഈ വാക്യത്തിന്റെ പൊരുളിൽ പെടുന്നു. ഈ അടിസ്ഥാനങ്ങളിൽ നിലകൊള്ളുന്നതാണ് തൗഹീദിൽ അധിഷ്ഠിതമായ ഈ മതം. ഇബ്രാഹിം നബി(ﷺ) തന്റെ ജനങ്ങളോട് പ്രഖ്യാപിച്ചത്. അല്ലാഹു പറയുന്നു:

‘‘ഇബ്രാഹീം തന്റെ പിതാവിനോടും ജനങ്ങളോടും ഇപ്രകാരം പറഞ്ഞ സന്ദർഭം (ശ്രദ്ധേയമാവുന്നു). തീർച്ചയായും ഞാൻ നിങ്ങൾ ആരാധിക്കുന്നതിൽ നിന്നും ഒഴിഞ്ഞു നിൽക്കുന്നവനാകുന്നു. എന്നെ സൃഷ്ടിച്ചവന് ഒഴികെ, കാരണം തീർച്ചയായും അവൻ എനിക്ക് മാർഗ്ഗദർശനം നൽകുന്നതാണ്.’’ (സുഖ്റൂഫ് 27,28) ഇതു തന്നെയാണ് എല്ലാ പ്രവാചകന്മാരുടെയും മാർഗം.

وَلَقَدْ بَعَثْنَا فِي كُلِّ أُمَّةٍ رَّسُولاً أَنِ اعْبُدُواْ اللّهَ وَاجْتَنِبُواْ الطَّاغُوتَ (سورة النحل: ٣٦)

തീർച്ചയായും ഓരോ സമുദായത്തിലും നാം ദൂതനെ നിയോഗിച്ചിട്ടു ്. നിങ്ങൾ അല്ലാഹുവെ ആരാധിക്കുകയും ദുർമൂർ

ത്തികളെ കൈവെടിയുകയും ചെയ്യണമെന്ന് (പ്രബോധനം ചെയ്യുന്നതിന് വേ  ി.) (നഹ്ൽ : 36)

فَمَنْ يَكْفُرْ بِالطَّاغُوتِ وَيُؤْمِن بِاللّه فَقَدِ اسْتَمْسَكَ بِالْعُرْوَةِ الْوُثْقَى لاَ انفِصَامَ لَهَا

(سورة البقرة: ٢٥٦)

''ആകയാൽ ഏതൊരാൾ ദുർമൂർത്തിയെ അവിശ്വസിക്കുകയും അല്ലാഹുവിൽ വിശ്വസിക്കുകയും ചെയ്യുന്നുവോ അവൻ പിടിച്ചിട്ടുള്ളത് ബലമുള്ള ഒരു കയറിലാകുന്നു. അത് പൊട്ടിപ്പോകുകയേ ഇല്ല.'' (അൽബഖറ : 256)

അതിനാൽ ലാഇലാഹ ഇല്ലല്ലാഹ് എന്ന് പ്രഖ്യപിക്കുന്നവൻ അല്ലാഹു അല്ലാത്ത മറ്റെല്ലാത്തിന്റെയും ആരാധനയിൽ നിന്ന് മുക്തനായി എന്ന് വിളംബരം ചെയ്യുകയാണ്. അല്ലാഹുവെ മാത്രമേ ആരാധിക്കുകയുള്ളൂ എന്ന് സ്വയം പ്രതിജ്ഞ ചെയ്യുകയാണ്. തന്റെ മനസ്സിൽ മനുഷ്യൻ അരക്കിട്ടുറപ്പിക്കേ  ഉടമ്പടിയാണിത്. അല്ലാഹു പറയുന്നു:

فَمَن نَّكَثَ فَإِنَّمَا يَنكُثُ عَلَى نَفْسِهِ وَمَنْ أَوْفَى بِمَا عَاهَدَ عَلَيْهُ اللَّهَ فَسَيُؤْتِيهِ أَجْـرًا عَظِيمًا (سورة الفتح: ١٠)

അതിനാൽ ആരെങ്കിലും അത് ലംഘിക്കുന്ന പക്ഷം അത് ലംഘിക്കുന്നതിന്റെ ദോഷഫലം അവനു തന്നെയാകുന്നു.താൻ അല്ലാഹുവുമായി ഉടമ്പടിയിലേർപ്പെട്ട കാര്യം വല്ലവനും നിറവേറ്റിയാൽ അവന് മഹത്തായ പ്രതിഫലം അവൻ നൽകുന്നതാണ്.'' (ഫത്ഹ് 10)

അപ്പോൾ ലാഇലാഹ ഇല്ലല്ലാഹ് എന്നത് ആരാധനയിലെ അല്ലാഹുവിന്റെ ഏകത്വ വിളംബരമാണ്. കാരണം ഇലാഹ് (ദൈവം) എന്നാൽ ആരാധ്യനെന്നാണർത്ഥം. അതിനാൽ ലാഇലാഹ ഇല്ലല്ലാഹ് എന്നാൽ അല്ലാഹുവല്ലാതെ യാഥാർത്ഥ ആരാധ്യനില്ല

എന്നായി.

ഈ പ്രഖ്യാപനത്തിന്റെ ആശയം ഗ്രഹിക്കുകയും അതിന്റെ അനിവാര്യ താൽപര്യമെന്നോണം ബഹുദൈവാരാധനയിൽ നിന്നും മുക്തമായി, അല്ലാഹുവിന്റെ ഏകത്വത്തിൽ അടിയുറച്ച് വിശ്വസിച്ചു. തദനുസരം പ്രവർത്തിക്കുകയും ചെയ്യുന്നവനാണ് യഥാർത്ഥ മുസ്ലിം. മനസ്സിൽ വിശ്വസമില്ലാതെ ഈ വാക്യം ഉരുവിട്ട് പ്രത്യക്ഷത്തിൽ അതനുസരിച്ചു പ്രവർത്തിക്കുന്നവൻ കപട വിശ്വാസിയും.

നാവു കൊ ് ഈ വാക്യം ആവർത്തിച്ചാവർത്തിച്ച് ഉരുവിട്ടാലും അതിന്റെ താൽപര്യത്തിന് വിരുദ്ധമായി ശിർക്ക് ചെയ്യുന്നവൻ ദൈവനിഷേധി(കാഫിർ)യാണ്.ഇതാണ് ഇന്നത്തെ ഖബ്റാരാധകരുടെ അവസ്ഥ. അവർ ഈ വാക്യം ഉരുവിട്ട് കൊ ിരിക്കും. അതിന്റെ ആശയമെന്താണെന്നവർ ഗ്രഹിക്കുന്നില്ല. അവരുടെ ജീവിതരീതിയിൽ മാറ്റമു ാക്കുവാനോ കർമ്മങ്ങളെ ശരിപ്പെടുത്തുവാനോ ഉതകുന്ന സ്വാധീനമൊന്നും അതിനില്ല. അതിനാൽ ലാ ഇല്ലാഹ ഇല്ലല്ലാഹ് എന്ന് പറയുന്നതിനോടൊപ്പം യാ അബ്ദുൽ ഖാദിർ ജീലാനീ യാ ബദ്വീ എന്നിങ്ങനെ അവരെയും ഇവരെയും അവർ വിളിക്കുന്നു. മരിച്ചു പോയവരോട് സഹായമർത്ഥിക്കുകയും അപകടങ്ങളിൽ നിന്ന് രക്ഷപ്പെടാൻ ഇസ്തിഗാസ നടത്തുകയും ചെയ്യുന്നു!

ഈ കൂട്ടർ മനസ്സിലാക്കിയതിനെക്കാൾ പൂർവ്വികരായ ബഹുദൈവാരാധകർ ഈ വാക്യത്തിന്റെ പൊരുൾ ഗ്രഹിച്ചിരുന്നു. വിഗ്രഹ പൂജ കയ്യൊഴിച്ച് അല്ലാഹുവെ മാത്രം ആരാധിക്കുക എന്നാണ് ലാഇലാഹ ഇല്ലല്ലാഹ് പ്രഖ്യാപിക്കാൻ പറയുന്നതു വഴി മുഹമ്മദ് നബി(ﷺ) നമ്മോട് ആവശ്യപ്പെടുന്നത് എന്ന് അവർ ഗ്രഹിച്ചിരുന്നു. അതിനാൽ അവർ ചോദിച്ചു:

أَجَعَلَ الْآلِهَةَ إِلَهًا وَاحِدًا (سورة ص: ٥)

‘‘ഇവൻ എല്ലാ ദൈവങ്ങളെയും ഒരൊറ്റ ദൈവമാക്കുകയാണോ?’’ (സ്വാദ് 5)

ഇതേ ചോദ്യം ഹൂദ് നബി(ﷺ)യുടെ ജനതയും ചോദിച്ചു.

أَجِئْتَنَا لِنَعْبُدَ اللَّه وَحْدَهُ وَنَذَرَ مَا كَانَ يَعْبُدُ آبَاؤُنَا (سورة الأعراف: ٧٠)

‘‘ഞങ്ങൾ അല്ലാഹുവെ മാത്രം ആരാധിക്കുവാനും ഞങ്ങളുടെ പിതാക്കൾ ആരാധിച്ചിരുന്നതിനെ ഞങ്ങൾ വിട്ടു കളയുവാനും വേ  ിയാണോ നീ ഞങ്ങളുടെ അടുത്തു വന്നിരിക്കുന്നത്? ’’ (അഅ്റാഫ് 70)

സ്വാലിഹ് നബി(ﷺ)യുടെ ജനത ചോദിച്ചു.

أَتَنْهَانَا أَن نَّعْبُدَ مَا يَعْبُدُ آبَاؤُنَا (سورة هود: ٦٢)

‘‘ഞങ്ങളുടെ പിതാക്കന്മാർ ആരാധിച്ചു വരുന്നതിനെ ഞങ്ങൾ ആരാധിക്കുന്നതിൽ നിന്ന് നീ ഞങ്ങളെ വിലക്കുകയാണോ?’’ (ഹൂദ് : 62)

നൂഹ് നബി(ﷺ)യുടെ ജനത പറഞ്ഞതും അത് തന്നെ.

وَقَالُوا لَا تَذَرُنَّ آلِهَتَكُمْ وَلَا تَذَرُنَّ وَدًّا وَلَا سُوَاعًا وَلَا يَغُوثَ وَيَعُوقَ وَنَسْرًا (سورة نوح: ٢٣)

അവർ പറഞ്ഞു: ‘‘ജനങ്ങളെ, നിങ്ങൾ നിങ്ങളുടെ ദൈവങ്ങളെ ഉപേക്ഷിക്കരുത്. വദ്ദ്, സുവാഅ്, യഗൂഥ്, യഊഖ്, നസ്റ് എന്നിവരെ നിങ്ങൾ ഉപേക്ഷിക്കരുത്.’’ (നൂഹ് : 23)

വിഗ്രഹാരാധന കൈവെടിയുക, അല്ലാഹുവെ മാത്രം ആരാധിക്കുന്നതിലേക്ക് വരിക എന്നാണ് ലാഇലാഹ ഇല്ലല്ലാഹ് യുടെ അർത്ഥമെന്ന് അവിശ്വാസികൾ ഗ്രഹിച്ചിരുന്നു. അത്കൊ ് ത

ന്നെ അത് ഉരുവിടാൻ അവർ കൂട്ടാക്കിയില്ല. ലാത്ത, ഉസ്സ, മനാത്ത എന്നിവക്കുള്ള അരാധനയും ലാഇലാഹ ഇല്ലല്ലയും ഒരുമിച്ചു ചേരില്ല എന്നു ശരിക്കു അവർ മനസ്സിലാക്കിയിരുന്നു.

എന്നാൽ ഇന്നത്തെ ഖബർ പൂജകർ ഈ വൈരുധ്യം പോലും മനസിലാക്കുന്നില്ല. അവർ ലാ ഇലാഹ ഇല്ലല്ലാഹ് എന്ന് ഉച്ചരിക്കുകയും മൃതിയടഞ്ഞവരെ ആരാധിച്ചു കൊ ിരിക്കുകയും ചെയ്യുന്നു!

ചിലർ വ്യാഖ്യാനിക്കുന്നത് ഇലാഹ് എന്നാൽ സൃഷ്ടിക്കുവാനും, ആവിഷ്ക്കരിക്കുവാനും, ക ുപിടിക്കുവാനും കഴിവുള്ളവൻ എന്നാണ്. അപ്പോൾ 'അല്ലാഹു അല്ലാതെ, സൃഷ്ടികർത്താവില്ല' എന്നായി ലാഇലാഹ ഇല്ലല്ലായുടെ അർത്ഥം ഇത് അങ്ങേയറ്റം ബാലിശാമണ്. കാരണം ബഹുദൈവ വിശ്വാസികളും അതംഗീകരിച്ചിരിക്കുന്നു.സൃഷ്ടിക്കാനും അന്നം നൽകാനും ജീവിപ്പിക്കാനും മരിപ്പിക്കാനും കഴിവുള്ളവൻ അല്ലാഹു മാത്രമാണെന്ന് അവരൊക്കെ സമ്മതിച്ചതാണ് എന്ന് അല്ലാഹുതന്നെ പറഞ്ഞിട്ടു ്. എന്നിട്ടും അവരൊന്നും മുസ്ലിംകളായില്ലല്ലോ. അതിനാൽ ലാഇലാഹ ഇല്ലല്ലയുടെ ആശയം ഒരിക്കലും അത് മാത്രമല്ലെന്ന് വ്യക്തം. പക്ഷെ, ലാഇലാഹ ഇല്ലല്ലാഹയുടെ വിശാലമായ താൽപര്യത്തിൽ അതും ഉൾപ്പെടുമെന്ന് പറയാം.

## ഇബാദത്തിലെ ശിർക്ക്

ഇബാദത്തിലെ ശിർക്ക് എന്നാൽ ആരാധനയോ അതിലെ ഏതെങ്കിലും അംശമോ അല്ലാഹു അല്ലാത്തവർക്ക് ചെയ്യുക എന്നാണ്. ഇതിന്റ ഉൽഭവത്തെ കുറിച്ച് നേരത്തേ നാം സൂചിപ്പിച്ചിട്ടു ്. ഇന്ന് അതും അനുസ്യൂതം തുടരുന്നു. അല്ലാഹു അനുഗ്രഹിച്ചവർ മാത്രം അതിൽ നിന്നും മുക്തരായി ജീവിക്കുന്നു.

**ഈ ശിർക്ക് ര ു തരമു ്:**

1) ഇസ്ലാം മതത്തിൽ നിന്നും പുറത്താകാൻ നിമിത്തമായിത്തീരുന്ന കൊടിയ ശിർക്ക്, അഥവാ ബഹുദൈവാരാധന,അല്ലാഹു അല്ലാത്തവരോട് പ്രർത്ഥിക്കുക, അവരുടെ പ്രീതിക്കുവേ ി ബലിയറുക്കുക,തുടങ്ങി ആരാധനയുടെ ഏതെങ്കിലും ഇനം അല്ലാഹു അല്ലാത്തവർക്ക് ചെയ്യുക എന്നർത്ഥം.

2) മതത്തിൽ നിന്നും പുറത്താകാൻ കാരണമാവുകയില്ലെങ്കിലും തൗഹീദിന്റെ പൂർണ്ണതക്ക് യോജിക്കാത്ത ലഘുവായ ശിർക്ക്. അല്ലാഹു അല്ലാത്തവരുടെ പേരിൽ സത്യം ചെയ്യുക, എപ്പോഴും ലോകമാന്യത്തിന് വേ ി മാത്രം പ്രവർത്തിക്കുക, 'നീയും അല്ലാഹുവും ഉദ്ദേശിച്ചാൽ', 'നീയും അല്ലാഹുവും ഇല്ലായിരുന്നെങ്കിൽ' തുടങ്ങിയ അശ്രദ്ധമായ പദപ്രയോഗങ്ങൾ നടത്തുക എന്നിവ ഉദാഹരണം. നിരന്തരമായി ഇക്കാര്യങ്ങൾ ചെയ്യുന്നവൻ കൊടിയ ശിർക്കിൽ അകപ്പെടാൻ എളുപ്പമാണ്.

## ശിർക്കും ഇന്നത്തെ മുസ്ലിംകളും

ഇന്ന് മുസ്ലിംകളിൽ ശിർക്ക് ബീഭൽസത പ്രാപിച്ചിരിക്കുന്നു. അതിന്റെ പ്രധാന കാരണങ്ങൾ ഇവയാണ്.

1) വിശുദ്ധഖുർആനിൽ നിന്നും നബിചര്യയിൽ നിന്നും മുസ്ലിംകൾ അകന്നു പോയി.

2) ദൈവികമായ യാതൊരു മാർഗ്ഗ നിർദേശങ്ങളും ഇല്ലാതെ പൂർവികരുടെ ചെയ്തികളെ അന്ധമായി പിൻപറ്റുന്നു.

3) മൃതിയടഞ്ഞവരെ പരിധിവിട്ട് ആദരിക്കുകയും അവരുടെ ജാറങ്ങളു ാക്കുകയും ചെയ്യുന്നു.

4) മുഹമ്മദ് നബി(ﷺ) പഠിപ്പിച്ച ഇസ്‌ലാം മതത്തിന്റെ അന്ത:സത്ത എന്താണെന്നതിനെപ്പറ്റിയുള്ള അജ്ഞത. ഒരിക്കൽ ഉമർബിൻ ഖത്താബ്(رضي الله عنه) പറഞ്ഞു:''മക്കയിലു ായിരുന്ന അജ്ഞാന കാലത്തെ (ജാഹിലിയത്ത്) പറ്റി മനസിലാക്കാത്തവർ ഇസ്‌ലാമിൽ ഉ ാകുമ്പോഴാണ് മതത്തിന്റെ പിരികൾ ഓരോന്നും അഴിഞ്ഞു പോവുക.''

5) കെട്ടു കഥകൾക്കും സംശയങ്ങൾക്കും ലഭിക്കുന്ന മാർക്കറ്റ്. നിരവധി ആളുകളെ വഴി തെറ്റിച്ച കാരണമാണിത്. പലപ്പോഴും തങ്ങളുടെ നിലപാടിനെ ന്യായീകരിക്കുവാൻ ശിർക്ക് ചെയ്യുന്നവൻ അവലംബിക്കുന്ന രേഖയും ഇവമാത്രമായിരിക്കും.

എന്നാൽ ഇവ്വിഷയകമായി മുസ്‌ലിം സമുഹത്തിലെ ബഹുദൈവാരാധകർ ഉന്നയിക്കാറുള്ള സംശയവാദങ്ങളിൽ മിക്കതും പൂർവ സമൂദായത്തിലെ ബഹുദൈവാരാധകർ ഉന്നയിച്ചതാണ്. പ്രസ്തുത വാദങ്ങൾ സംക്ഷിപ്തമായി നമുക്ക് പരിശോധിക്കാം.

### 1) പൈതൃകമായി ലഭിച്ച ആചാരങ്ങളാണത്

ആധുനികവും പൗരാണികവുമായ എല്ലാ ബഹുദൈവാരാധകരും ഒരുപോലെ ഉന്നയിക്കുന്ന ന്യായവാദമാണ് പൂർവ്വപിതാക്കളിൽനിന്നും പൈതൃകമായി തങ്ങൾക്ക് ലഭിച്ചതാണ് ഈ വിശ്വാസരീതികളെന്നത്. അല്ലാഹു പറയുന്നു:

وَكَذَٰلِكَ مَا أَرْسَلْنَا مِن قَبْلِكَ فِي قَرْيَةٍ مِّن نَّذِيرٍ إِلَّا قَالَ مُتْرَفُوهَا إِنَّا وَجَدْنَا آبَاءَنَا عَلَىٰ أُمَّةٍ وَإِنَّا عَلَىٰ آثَارِهِم مُّقْتَدُونَ (سورة الزخرف: ٢٣)

''അതുപോലെതന്നെ നിനക്ക് മുമ്പ് ഏതൊരു രാജ്യത്ത് നാം താക്കീതുകാരനെ അയച്ചപ്പോഴും ഞങ്ങളുടെ പിതാക്കളെ ഒരു മാർഗ്ഗത്തിൽ നിലകൊള്ളുന്നവരായി ഞങ്ങൾ ക ത്തിയിരി

ക്കുന്നു. തീർച്ചയായും ഞങ്ങൾ അവരുടെ കാൽപ്പാടുകളെ അനുഗമിക്കുന്നവരാകുന്നു.എന്ന് അവിടെയുള്ള സുഖലോലുപന്മാർ പറയാതിരുന്നിട്ടില്ല''. (സുഖ്റുഫ് 23)

തന്റെ വാദങ്ങൾക്ക് രേഖ ഹാജരാക്കാൻ കഴിയാത്തവർ ശരണം തേടുന്ന ന്യായീകരണമാണിത്. വാദപ്രതിവാദ മേഖലയിൽ ഒട്ടും വിലയില്ലാത്ത നിരർഥകമായ തെളിവാണിത്. കാരണം അവർ പിൻപറ്റുന്ന പൂർവ്വപിതാക്കൾ ദിവ്യപാതയിൽ നിലകൊള്ളുന്നവരായിരുന്നില്ല. അത്തരം ആളുകളെ അനുഗമിക്കുന്നതോ പിൻപറ്റുന്നതോ ശരിയല്ല. അല്ലാഹു ചോദിക്കുന്നു:

أَوَلَوْ كَانَ آبَاؤُهُمْ لاَ يَعْلَمُونَ شَيْئًا وَلاَ يَهْتَدُونَ (سورة المائدة: ١٠٤)

''അവരുടെ പിതാക്കൾ യാതൊന്നും അറിയാത്തവരും സന്മാർഗ്ഗം പ്രാപിക്കാത്തവരും ആയിരുന്നാൽ പോലും (അവരെ പിൻപറ്റിയാൽ മതിയെന്നോ?)'' (മാഇദ 104)

أَوَلَوْ كَانَ آبَاؤُهُمْ لاَ يَعْقِلُونَ شَيْئاً وَلاَ يَهْتَدُونَ (سورة البقرة: ١٧٠)

''അവരുടെ പിതാക്കൾ യാതൊന്നും ചിന്തിച്ച് മനസ്സിലാക്കാത്തവരും നേർവഴി കണ്ടെത്താത്തവരുമായിരുന്നെങ്കിൽ പോലും (അവരെ പിൻപറ്റുകയാണോ?)'' (അൽ ബഖറ 170)

പൂർവ്വികർ സത്യപാതയിലാണെങ്കിൽ മാത്രമേ അവരെ പിൻപറ്റുന്നതിൽ ശ്രേഷ്ഠതയുള്ളു. യൂസുഫ്(عليه السلام)നെ ഉദ്ധരിച്ചുകൊണ്ട് ഖുർആൻ പറയുന്നു.

وَاتَّبَعْتُ مِلَّةَ آبَآئِي إِبْرَاهِيمَ وَإِسْحَقَ وَيَعْقُوبَ مَا كَانَ لَنَا أَن نُّشْرِكَ بِاللّهِ مِن شَيْءٍ ذَلِكَ مِن فَضْلِ اللّهِ عَلَيْنَا وَعَلَى النَّاسِ وَلَـكِنَّ أَكْثَرَ النَّاسِ لاَ يَشْكُرُونَ (سورة يوسف: ٣٨)

‘‘എന്റെ പിതാക്കളായ ഇബ്രാഹിം, ഇസ്ഹാഖ്, യഅ്ഖൂബ്, എന്നിവരുടെ മാർഗം ഞാൻ പിന്തുടർന്നിരിക്കുന്നു. അല്ലാഹുവിനോട് യാതൊന്നിനെയും പങ്കുചേർക്കുവാൻ ഞങ്ങൾക്ക് പാടുള്ളതല്ല. ഞങ്ങൾക്കും മനുഷ്യർക്കും അല്ലാഹു നൽകിയ അനുഗ്രഹത്തിൽ പെട്ടതത്രെ അത് (സന്മാർഗ്ഗം). പക്ഷെ മനുഷ്യരിൽ അധിക പേരും നന്ദികാട്ടുന്നില്ല.’’ (യൂസുഫ് 38)

وَالَّذِينَ آمَنُوا وَاتَّبَعَتْهُمْ ذُرِّيَّتُهُم بِإِيمَانٍ أَلْحَقْنَا بِهِمْ ذُرِّيَّتَهُمْ (سورة الطور: ٢١)

‘‘ഏതൊരു കൂട്ടർ വിശ്വസിക്കുകയും അവരുടെ സന്താനങ്ങൾ വിശ്വാസത്തിൽ അവരെ പിന്തുടരുകയും ചെയ്തിരുന്നുവോ, അവരുടെ സന്താനങ്ങളെ നാം അവരോടൊപ്പം ചേർക്കുന്നതാണ്.’’ (തൂർ 21)

ഈ ന്യായവാദമ ബഹുദൈവാരാധകരുടെ മനസ്സിൽ ആഴ്ന്നിറങ്ങിയിരുന്നു. ഇത് ഉപയോഗിച്ചാണവർ പ്രവാചകന്മാരുടെ പ്രബോധനത്തെ നേരിട്ടത്. നൂഹ്(عليه السلام)ന്റെ ജനതയെ നോക്കുക:

وَلَقَدْ أَرْسَلْنَا نُوحًا إِلَى قَوْمِهِ فَقَالَ يَا قَوْمِ اعْبُدُوا اللَّهَ مَا لَكُم مِّنْ إِلَهٍ غَيْرُهُ أَفَلَا تَتَّقُونَ*فَقَالَ الْمَلَأُ الَّذِينَ كَفَرُوا مِن قَوْمِهِ مَا هَذَا إِلَّا بَشَرٌ مِّثْلُكُمْ يُرِيدُ أَن يَتَفَضَّلَ عَلَيْكُمْ وَلَوْ شَاءَ اللَّهُ لَأَنزَلَ مَلَائِكَةً مَّا سَمِعْنَا بِهَذَا فِي آبَائِنَا الْأَوَّلِينَ

(سورة المؤمنون: ٢٣،٢٤)

‘‘നൂഹിനെ നാം അദ്ദേഹത്തിന്റെ ജനതയിലേക്ക് ദൂതനായി നിയോഗിക്കുകയു  ായി. എന്നിട്ടദ്ദേഹം പറഞ്ഞു, എന്റെ ജനങ്ങളെ, നിങ്ങൾ അല്ലാഹുവെ ആരാധിക്കുക. നിങ്ങൾക്ക് അവനല്ലാതെ യാതൊരു ദൈവവുമില്ല. അതിനാൽ നിങ്ങൾ സൂക്ഷ്മത പാലിക്കുന്നില്ലേ? അപ്പോൾ അദ്ദേഹത്തിന്റെ ജനതയിലെ സത്യനിഷേധികളായ പ്രമാണിമാർ പറഞ്ഞു. ഇവൻ നിങ്ങളെപ്പോലുള്ള ഒരു മനുഷ്യൻ മാത്രമാകുന്നു. നിങ്ങളെക്കാളുപരിയായി മ

ഹത്വം നേടിയെടുക്കാൻ അവൻ ആഗ്രഹിക്കുന്നു. അല്ലാഹു ഉദ്ദേശിച്ചിരുന്നുവെങ്കിൽ അവൻ(ദൂതന്മാരായി)മലക്കുകളെ തന്നെ ഇറക്കുമായിരുന്നു.ഞങ്ങളുടെ പൂർവ്വപിതാക്കൾക്കിടയിൽ ഇങ്ങനെയെന്ന് ഞങ്ങൾ കേട്ടിട്ടില്ല.'' (മുഅ്മിനൂൻ 23, 24)

അപ്പോൾ, നൂഹ്(ﷺ)ന്റെ ദൗത്യത്തിനെതിരെ അവർ ഉയർത്തിപ്പിടിക്കുന്നത് പൂർവ്വികർ കൈകൊ   നിലപാടിനെയാണ് ഇനി സ്വാലിഹ് നബി(ﷺ)യുടെ ജനതയെ കാണുക:

قَالُوْا يَا صَالِحُ قَدْ كُنتَ فِينَا مَرْجُوًّا قَبْلَ هَـذَا أَتَنْهَانَا أَن نَّعْبُدَ مَـا يَعْبُـدُ آبَاؤُنَـا ...

(سورة هود: ٦٢)

''അവർ പറഞ്ഞു: ''സ്വാലിഹേ, ഇതിനുമുമ്പ് നീ ഞങ്ങൾക്കിടയിൽ അഭിലഷണീയനായിരുന്നു.ഞങ്ങളുടെ പിതാക്കന്മാർ ആരാധിച്ചുവരുന്നതിനെ ഞങ്ങൾ ആരാധിക്കുന്നതിൽ നീ ഞങ്ങളെ വിലക്കുകയാണോ.'' (ഹൂദ് 62)

ശുഐബ് നബി(ﷺ)യുടെ ജനതയും പറഞ്ഞു:

قَالُوْا يَا شُعَيْبُ أَصَلاَتُكَ تَأْمُرُكَ أَن نَّتْرُكَ مَا يَعْبُدُ آبَاؤُنَا ... (سورة هود: ٨٧)

അവർ പറഞ്ഞു: ''ശുഐബേ, ഞങ്ങളുടെ പിതാക്കന്മാർ ആരാധിച്ചു വരുന്നതിനെ ഞങ്ങൾ ഉപേക്ഷിക്കണമെന്നാണോ നിന്റെ നമസ്കാരം നിനക്ക് കൽപന നല്കുന്നത്?'' (ഹൂദ് 87)

ഇബ്രാഹീം നബി(ﷺ) തന്റെ ജനതയെ തെളിവുകൾ കൊ മുട്ടു കുത്തിച്ചപ്പോൾ അവർ പ്രതികരിച്ചത് നോക്കുക:

وَاتْلُ عَلَيْهِمْ نَبَأَ إِبْرَاهِيمَ*إِذْ قَالَ لِأَبِيهِ وَقَوْمِهِ مَا تَعْبُدُونَ*قَالُوا نَعْبُدُ أَصْنَامًا فَنَظَلُّ لَهَا عَاكِفِينَ*قَالَ هَلْ يَسْمَعُونَكُمْ إِذْ تَدْعُونَ*أَوْ يَنفَعُونَكُمْ أَوْ يَضُرُّونَ*قَالُوا بَلْ وَجَدْنَا آبَاءنَا كَذَلِكَ يَفْعَلُونَ (سورة الشعراء: ٦٩-٧٤)

''ഇബ്രാഹീമിന്റെ വൃത്താന്തവും നീ അവർക്ക് വായിച്ചു കേൾപ്പിക്കുക.അതായത് നിങ്ങൾ എന്തിനെയാണ് ആരാധിച്ചു കൊ ിരിക്കുന്നത് എന്ന് തന്റെ പിതാവിനോടും, തന്റെ ജനങ്ങളോടും അദ്ദേഹം ചോദിച്ച സന്ദർഭം. അവർ പറഞ്ഞു: ഞങ്ങൾ ചില വിഗ്രഹങ്ങളെ ആരാധിക്കുകയും അവയുടെ മുമ്പിൽ ഭജനമിരിക്കുകയും ചെയ്യുന്നു. അദ്ദേഹം പറഞ്ഞു: നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ അവരത് കേൾക്കുമോ. അഥവാ അവർ നിങ്ങൾക്ക് ഉപകാരമോ ഉപദ്രവമോ ചെയ്യുമോ? അവർ പറഞ്ഞു: അല്ല, ഞങ്ങളുടെ പിതാക്കന്മാർ അപ്രകാരം ചെയ്യുന്നതായി ഞങ്ങൾ ക ിരിക്കുന്നു.'' (ശുഅറാഅ് 69–74)

ഫിർഔൻ മൂസാ നബി(ﷺ)യോട് ചോദിച്ചു.

فَمَا بَالُ الْقُرُونِ الْأُولَى (سورة طه: ٥١)

''അപ്പോൾ മുൻതലമുറകളുടെ അവസ്ഥയെന്താണ്?''(ത്വാഹ 51)

ഇങ്ങനെ, എല്ലാ അവിശ്വാസവും ഒരു മാർഗ്ഗം തന്നെയാണ്. സത്യത്തെ കവച്ചുവെക്കാൻ അങ്ങേയറ്റം ദുർബലമായ ഇത്തരം ന്യായവാദങ്ങല്ലാത്തതൊന്നും അവരുടെ പക്കലില്ല.

### 2) പടച്ചവന്റെ വിധിയാണിത്

'വിധിയാണിത്' എന്നവാദമാണ് തങ്ങൾ നിലയുറപ്പിച്ച ശിർക്കിനെ ന്യായീകരിക്കാൻ അറേബ്യൻ ബഹുദൈവാരാധകരും മറ്റു പലരും ഉന്നയിച്ച മറ്റൊരു ന്യായം. ഖുർആൻ പറയുന്നത് നോക്കുക:

وَقَالُوا لَوْ شَاءَ الرَّحْمَنُ مَا عَبَدْنَاهُم ... (سورة الزخرف: ٢٠)

''പരമകാരുണികൻ ഉദ്ദേശിച്ചിരുന്നുവെങ്കിൽ ഞങ്ങൾ അവരെ (മലക്കുകളെ) ആരാധിക്കുമായിരുന്നില്ല എന്ന് അവർ പറയുകയും ചെയ്യും.'' (സുഖ്റൂഫ് 20)

سَيَقُولُ الَّذِينَ أَشْرَكُواْ لَوْ شَاء اللّهُ مَا أَشْرَكْنَا وَلاَ آبَاؤُنَا وَلاَ حَرَّمْنَا مِن شَيْءٍ كَذَلِكَ كَذَّبَ الَّذِينَ مِن قَبْلِهِم حَتَّى ذَاقُواْ بَأْسَنَا قُلْ هَلْ عِندَكُم مِّنْ عِلْمٍ فَتُخْرِجُوهُ لَنَا إِن تَتَّبِعُونَ إِلاَّ الظَّنَّ وَإِنْ أَنتُمْ إَلاَّ تَخْرُصُونَ (سورة الأنعام: ١٤٨)

''ആ ബഹുദൈവാരാധകർ പറഞ്ഞേക്കും; അല്ലാഹു ഉദ്ദേശിച്ചിരുന്നെങ്കിൽ ഞങ്ങളോ ഞങ്ങളുടെ പിതാക്കളോ (അല്ലാഹുവോട്) പങ്കുചേർക്കുമായിരുന്നില്ല, ഞങ്ങൾ യാതൊന്നും നിഷിദ്ധമാക്കുമായിരുന്നില്ല എന്ന്. അതേ പ്രകാരം അവരുടെ മുൻഗാമികളും നമ്മുടെ ശിക്ഷ ആസ്വദിക്കും വരെ നിഷേധിക്കുകയു ായി. പറയുക നിങ്ങളുടെ പക്കൽ വല്ല വിവരവുമു ാ? എങ്കിൽ ഞങ്ങൾക്ക് നിങ്ങൾ അതൊന്ന് വെളിപ്പെടുത്തിത്തരൂ. ഊഹത്തെ മാത്രമാണ് നിങ്ങൾ പിന്തുടരുന്നത്. നിങ്ങൾ അനുമാനിക്കുക മാത്രമാണ് ചെയ്യുന്നത്. (അൻആം 148)

ഈ സൂക്തത്തിന്റെ വ്യാഖ്യാനത്തിൽ ഇബ്നു കസീർ പറയുന്നത് കാണുക:

''തങ്ങൾ നിലയുറപ്പിച്ച ശിർക്കിനും, ചില വസ്തുക്കൾ സ്വയം നിഷിദ്ധമായി കണക്കാക്കുന്നതിനും തെളിവായി ബഹുദൈവാരാധകർ ഉന്നയിക്കുന്ന ന്യായീകരണവും അതിനുള്ള മറുപടിയുമാണ് അല്ലാഹു ഇവിടെ പറയുന്നത്. ഞങ്ങൾ നിഷിദ്ധമായി ഗണിക്കുന്നതും ഞങ്ങളുടെ ബഹുദൈവാരാധന യുമെല്ലാം അല്ലാഹു ക ുകൊ ിരിക്കുകയാണല്ലോ. വിശ്വസിക്കണമെന്ന തോന്നൽ ഞങ്ങളിൽ ജനിപ്പിക്കുവാനും അവിശ്വസിക്കുന്നതിന് തടസ്സം സൃഷ്ടിച്ചുകൊ ് ഞങ്ങളുടെ ചെയ്തികളിൽ നിന്നു

ഞങ്ങളെ തടയാനും അവന് കഴിവുമു ്. എന്നിട്ടും അവൻ ഞങ്ങളെ തടയുന്നില്ല. ഇതിന്റെ അർത്ഥം ഞങ്ങളുടെ ചെയ്തികളിൽ അവൻ തൃപ്തനും അവയെല്ലാം അവന്റെ ഉദ്ദേശ്യവുമാണ് എന്നത്രെ. അവരുടെ ഈ വാദം ഉദ്ധരിച്ച ശേഷം അല്ലാഹു പറയുകയാണ്:ഈ ന്യയം പറഞ്ഞു കൊ ാണ് അവരുടെ പൂർവ്വികരും വഴിപിഴച്ചത്''. ഇത് തികച്ചും നിരർത്ഥകമായ വാദമാണ്. കാരണം അവർ വാദിക്കുന്നത് ശരിയായിരുന്നെങ്കിൽ അല്ലാഹു ബഹുദൈവാരാധന നിമിത്തം പൂർവ്വികരെ നശിപ്പിക്കുമായിരുന്നില്ല. അവരെ വേദനയൂറ്റ ശിക്ഷക്ക് വിധേയമാക്കുമായിരുന്നില്ല. അവരിലേക്ക് തുടർച്ചയായി ദൂതന്മാരെ നിയോഗിക്കുമായിരുന്നില്ല. അതിനാൽ നിങ്ങളുടെ ചെയ്തികൾ അല്ലാഹു തൃപ്തിപ്പെടുന്നുവെന്നതിന് നിങ്ങളുടെ പക്കൽ വ്യക്തമായ വല്ല വിവരവുമുേ ാ? ഉ െ ങ്കിൽ അതൊന്ന് കാണിച്ചു തരൂ. വാസ്തവത്തിൽ നിങ്ങൾ ഊഹത്തെയാണ് പിൻപറ്റുന്നത് കേവലം അനുമാനം മാത്രമാണ് നിങ്ങളുടെ അവലംബം.

وَقَالَ الَّذِينَ أَشْرَكُواْ لَوْ شَاء اللّهُ مَا عَبَدْنَا مِن دُونِهِ مِن شَيْءٍ نَّحْنُ وَلا آبَاؤُنَا وَلاَ حَرَّمْنَا مِن دُونِهِ مِن شَيْءٍ ... (سورة النحل: ٣٥)

(അല്ലാഹുവോട്) പങ്കാളികളെ ചേർത്തവർ പറയുന്നു: ''അല്ലാഹു ഉദ്ദേശിച്ചിരുന്നുവെങ്കിൽ ഞങ്ങളോ ഞങ്ങളുടെ പിതാക്കന്മാരോ അവനു പുറമെ യാതൊന്നിനെയും ആരാധിക്കുമായിരുന്നില്ല. അവന്റെ കല്പനങ്ങൾ കൂടാതെ ഞങ്ങൾ നിഷിദ്ധമാക്കുകയും ഇല്ലായിരുന്നു'' (അന്നഹ്ൽ 35)

ഈ സൂക്തത്തിന്റെ വ്യാഖ്യാനത്തിൽ ഇബ്നു കസീർ പറയുന്നു:

''അവരുടെ വാദത്തിന്റെ ചുരുക്കമിതാണ്. ഞങ്ങൾ ചെയ്യുന്നത് അല്ലാഹുവിന് ഇഷ്ടമില്ലെങ്കിൽ അവൻ ഞങ്ങളെ ശിക്ഷി

ച്ചുകൊ ാ, ഞങ്ങൾക്കിത് ചെയ്യാൻ സൗകര്യമേർപ്പെടുത്താതെയോ അതിൽ പ്രതിഷേധിക്കും. അതിന്റെ മറുപടി അല്ലാഹു ഇപ്രകാരം പറയുന്നു:

فَهَلْ عَلَى الرُّسُلِ إِلاَّ الْبَلاغُ الْمُبِينُ*وَلَقَدْ بَعَثْنَا فِي كُلِّ أُمَّةٍ رَّسُولاً أَنِ اعْبُدُواْ اللّهَ وَاجْتَنِبُواْ الطَّاغُوتَ فَمِنْهُم مَّنْ هَدَى اللّهُ وَمِنْهُم مَّنْ حَقَّتْ عَلَيْهِ الضَّلالَةُ فَسِيرُواْ فِي الأَرْضِ فَانظُرُواْ كَيْفَ كَانَ عَاقِبَةُ الْمُكَذِّبِينَ (سورة النحل: ٣٦)

''ദൈവദൂതന്മാരുടെ മേൽ സ്പഷ്ടമായ പ്രബോധനമല്ലാതെ വല്ല ബാധ്യതയുമു ോ? തീർച്ചയായും ഓരോ സമുദായത്തിലും നാം ദൂതനെ നിയോഗിച്ചിട്ടു ്. നിങ്ങൾ അല്ലാഹുവെ ആരാധിക്കുകയും ദുർമൂർത്തികളെ വെടിയുകയും ചെയ്യണം എന്ന് (പ്രബോധനം ചെയ്യുന്നതിനുവേ ി) എന്നിട്ട് അവരിൽ ചിലരെ അല്ലാഹു നേർവഴിലാക്കി. അവരിൽ ചിലരുടെമേൽ വഴികേട് സ്ഥിരപ്പെടുകയും ചെയ്തു.ആകയാൽ നിങ്ങൾ ഭൂമിയിലൂടെ നടന്നിട്ട് നിഷേധിച്ച് തള്ളിക്കളഞ്ഞവരുടെ പര്യവസാനം എപ്രകാരമായിരുന്നു എന്ന് നോക്കുക.'' (അന്നഹ്ൽ 36)

അഥവാ നിങ്ങൾ പറയുന്ന പോലെയല്ല കാര്യം. അവൻ നിങ്ങളുടെ ചെയ്തികളെ അങ്ങേയറ്റം വെറുക്കുന്നു. അത് ചെയ്യരുതെന്ന് നിങ്ങളെ ശക്തിയായി വിലക്കിയിട്ടുമു ്. അങ്ങിനെ എല്ലാ സമൂഹങ്ങളിലേക്കും എല്ലാ നൂറ്റാ ുകളിലും ഒരു വിഭാഗം മനുഷ്യരെ ദൈവദൂതന്മാരായി നിയോഗിച്ചു. അവർ എല്ലാവരും അല്ലാഹുവെ മാത്രം ആരാധിക്കുവാൻ കൽപിക്കുകയും അവനെ കൂടാതെ ആരാധിക്കപ്പെടുന്നതിനെ വിരോധിക്കുകയും ചെയ്തു. ഈ സന്ദേശവുമായി, മനുഷ്യരാശിയിലേക്ക് ശിർക്ക് കടന്നു വന്ന കാലം തൊട്ട് ദൂതന്മാരെ അയച്ചുകൊ ിരുന്നു. നൂഹ് നബി(عليه السلام)യുടെ ജനതയിലായിരുന്നു ആദ്യമായി ശിർക്ക് കടന്നു വന്നത്.അതിനാൽ ആദ്യത്തെ ദൈവദൂതനായി അദ്ദേഹത്തെ അ

ല്ലാഹു നിയോഗിച്ചു. തുടർന്ന് ദൈവദൂതന്മാരുടെ നിയോഗമനം തുടർന്നു. മുഹമ്മദ് നബി(ﷺ)യുടെ നിയോഗത്തോടെ ആ പ്രക്രിയക്ക് അന്ത്യം കുറിച്ചു. അദ്ദേഹത്തിന്റെ ദൗത്യം കിഴക്കും പടിഞ്ഞാറുമെന്ന പോലെ മനുഷ്യവർഗത്തെയും ജിന്നു വർഗത്തേയും ചൂഴ്ന്നു നിൽക്കുന്നതാണ്, പ്രവാചക ദൗത്യത്തെക്കുറിച്ച് അല്ലാഹു പറയുന്നത് കാണുക:

وَمَا أَرْسَلْنَا مِن قَبْلِكَ مِن رَّسُولٍ إِلَّا نُوحِي إِلَيْهِ أَنَّهُ لَا إِلَهَ إِلَّا أَنَا فَاعْبُـدُونِ (سـورة الأنبياء: ٢٥)

‘‘ഞാനല്ലാതെ യാതൊരു ദൈവവുമില്ല,അതിനാൽ എന്നെ നിങ്ങൾ ആരാധിക്കൂ എന്ന് ബോധനം നൽകിക്കൊ ല്ലാതെ നിനക്ക് മുമ്പ് ഒരു ദൂതനേയും നാം അയച്ചിട്ടില്ല.’’(അമ്പിയാഅ്: 25)

وَاسْأَلْ مَنْ أَرْسَلْنَا مِن قَبْلِكَ مِن رُّسُلِنَا أَجَعَلْنَـا مِـن دُونِ الـرَّحْمَنِ آلِهَـةً يُعْبَـدُونَ (سورة الزخرف: ٤٥)

‘‘നിനക്ക് മുമ്പ് നമ്മുടെ ദൂതന്മാരായി നാം അയച്ചവരോട് ചോദിച്ച് നോക്കുക. പരമകാരുണികനു പുറമേ ആരാധിക്കപ്പെടേ വല്ല ദൈവങ്ങളും നാം നിശ്ചയിച്ചിട്ടു ാ എന്ന്.’’ (സുഖ്റൂഫ് : 45)

وَلَقَدْ بَعَثْنَا فِي كُلِّ أُمَّةٍ رَّسُولاً أَنِ اعْبُدُواْ اللّهَ وَاجْتَنِبُواْ الطَّاغُوتَ (سورة النحل: ٣٦)

തീർച്ചയായും ഓരോ സമുദായത്തിലും നാം ദൂതനെ നിയോഗിച്ചിട്ടു ്. നിങ്ങൾ അല്ലാഹുവെ ആരാധിക്കുകയും ദുർമൂർത്തികളെ വെടിയുകയും ചെയ്യണം എന്ന് (പ്രബോധനം ചെയ്യുന്നതിന് വേ ി.) (അന്നഹ്ൽ 36)

അല്ലാഹു ഉദ്ദേശിച്ചിരുന്നെങ്കിൽ അവനെ കൂടാതെ മറ്റൊന്നിനേയും ഞങ്ങൾ ആരാധിക്കുമായിരുന്നില്ല എന്ന ന്യായവാദവുമായി വരാൻ എങ്ങനെയാണ് ഇനി അവർക്ക് കഴിയുക? തന്റെ

ദൂതന്മാരുടെ ജിഹ്വയിലൂടെ അവരോട് അക്കാര്യം അവൻ വിരോധിച്ചതിനാൽ അവന്റെ നിയാമക ഇച്ഛ ഇക്കാര്യത്തെ നിഷേധിക്കുകയാണ്. എന്നാൽ അവൻ നിശ്ചയിച്ച പ്രാപഞ്ചിക നിയമപ്രകാരം ഇഷ്ടമുള്ളത് ചെയ്യാൻ അവൻ അവർക്ക് സൗകര്യമേർപ്പെടുത്തിക്കൊടുക്കുന്നു. അതവർക്ക് അനുകൂലമായ തെളിവല്ല. മാത്രമല്ല, പ്രവാചകന്മാർ മുഖേന നൽകിയ മുന്നറിയിപ്പ് അവഗണിച്ചപ്പോൾ ഭൂമിയിൽ വെച്ചു തന്നെ അവരെ ശിക്ഷിച്ച്കൊ ് തന്റെ അനിഷ്ടം അല്ലാഹു ബഹുദൈവാരാധകരെ അറിയിച്ചിട്ടുമു ്. (ഇബ്നു കസീർ 2/586–587)

ഈ സംശയവാദം വഴി ദുർനടപടികൾ ചെയ്യാൻ ഒരു ന്യായം ക െത്തുകയല്ലേ ഇവർ: കാരണം തങ്ങൾ ചെയ്യുന്നത് ചീത്ത കാര്യമാണെന്നല്ല നന്മയാണ് എന്നത്രെ അവർ വിശ്വസിച്ചിരുന്നത്. അവർ നടത്തിയ വിഗ്രഹാരാധന വഴി അല്ലാഹുവിലേക്ക് സാമീപ്യം നേടുകയാണവരുടെ ലക്ഷ്യം. തങ്ങളുടെ ചെയ്തികൾ അല്ലാഹുവിങ്കൽ സത്യവും സാധുതയുള്ളതും തൃപ്തികരവുമാണ് എന്ന നിലപാടിനനുകൂലമായ തെളിവ് ക െത്തുക മാത്രമാണവർ.അതിന് അല്ലാഹുവിന്റെ മറുപടി ഇതാണ് ‘‘അങ്ങനെയായിരുന്നുവെങ്കിൽ അവരുടെ ചെയ്തികളെ കുറ്റപ്പെടുത്തിക്കൊ ് ദൂതന്മാരെ നിയോഗിക്കുമായിരുന്നില്ലല്ലോ’’

## 3. ‘‘ലാ ഇലാഹ ഇല്ലല്ലാഹ്’’ ചൊല്ലിയവരെല്ലാം സ്വർഗ്ഗത്തിലാണ് ?

‘‘ലാ ഇലാഹ ഇല്ലല്ലാഹ്’’ എന്ന് നാവുകൊ ് ഉരുവിട്ടാൽ തന്നെ സ്വർഗ്ഗത്തിൽ പ്രവേശിക്കുമെന്നാണ് ചിലരുടെ തെറ്റുദ്ധാരണ. അതിനാൽ അവിശ്വാസപരമായ കാര്യങ്ങളോ, ശിർക്ക് പരമായ ചെയ്തികളോ അവനിൽ നിന്നു ായാലുമത് പ്രശ്നമല്ല

എന്നവൻ കരുതുന്നു. ശഹാദത്ത് കലിമ: (സാക്ഷ്യവാക്യങ്ങൾ) ചൊല്ലിയാൽ നരകത്തിൽ പ്രവേശിക്കുകയില്ല, എന്ന അർത്ഥ ത്തിൽ വന്ന നബിവചനങ്ങളുടെ ബാഹ്യതലങ്ങളെയാണ് ഇവർ അവലംബിക്കുന്നത്.

മറുപടി 'ലാ ഇലാഹ ഇല്ലല്ലാഹ്' പ്രഖ്യാപിച്ച ശേഷം അതിന് വിരുദ്ധമായി ശിർക്ക് ചെയ്യാതെ മരണപ്പെടുന്നവരാണ് നബി വ ചനങ്ങളിൽ ഉദ്ദേശിക്കപ്പെടുന്നത്. ആത്മാർത്ഥമായ ഹൃദയത്തോ ടെ അത് പ്രഖ്യാപിക്കുകയും അല്ലാഹുവല്ലാതെ ആരാധിക്കപ്പെ ടുന്നവയെ മുഴുവൻ കയ്യൊഴിച്ച് അതേ നിലപാടിൽ മരണപ്പെടു കയും ചെയ്തവരാണവർ. ഉത്ബാൻ(رضي الله عنه) നബി(ﷺ)യിൽ നിന്നും ഉദ്ധരിക്കുന്നു: ''അല്ലാഹുവിന്റെ മാത്രം പ്രീതി കാംക്ഷിച്ച് കൊ ˇ ലാഇലാഹ ഇല്ലല്ലാഹ് പ്രഖ്യാപിക്കുന്നവന് അല്ലാഹു നരകം വിലക്കിയിരിക്കുന്നു. ''മറ്റൊരു നബിവചനം ഇങ്ങനെയാണ്: ''ലാ ഇലാഹ ഇല്ലല്ലാഹ് പ്രഖ്യാപിക്കുകയും അല്ലാഹു അല്ലാതെ ആരാധിക്കപ്പെടുന്നവയിൽ അവിശ്വസിക്കുകയും ചെയ്തവന്റെ രക്തവും ധനവും പവിത്രമാണ്. അവന്റെ വിചാരണ അല്ലാഹു വിങ്കലാണ്.'' ഇവിടെ ധനത്തിന്റെയും രക്തത്തിന്റെയും പവിത്ര ത ര ു കാര്യങ്ങളിൽ നബി(ﷺ) ബന്ധപ്പെടുത്തിയിരിക്കുന്നു. ഒന്ന്: ലാഇലാഹ ഇല്ലല്ലാഹ് (ഒരു ദൈവവുമില്ല; അല്ലാഹുവല്ലാ തെ) എന്ന പ്രഖ്യാപനം. ര ്: അല്ലാഹു അല്ലാതെ ആരാധിക്ക പ്പെടുന്നവയെ അവിശ്വസിക്കുക. അഥവാ കേവലമായ ഉരുവിട ൽ പോരാ, മറിച്ചു അതോടൊപ്പം തന്നെ അതിനനുസരിച്ച പ്രവ ർത്തനവും അനിവാര്യമാണ് എന്ന് വ്യക്തം.

അപ്പോൾ 'ലാഇലാഹ ഇല്ലല്ലാഹ' എന്ന പ്രഖ്യാപനം സ്വർഗ്ഗ പ്രവേശനത്തിന്റെയും നരകവിമുക്തിയുടേയും അനിവാര്യതയും നിമിത്തവുമാണ്. എന്നാൽ നിമിത്തവും അനിവാര്യതയും അവ

യുടെ നിബന്ധനകൾ പൂർണമായാലേ ഫലപ്പെടുകയുള്ളു.ഹസൻ(ﷺ)യോട് ചിലർ പറഞ്ഞു: ലാഇലാഹ ഇല്ലല്ലാഹ് എന്ന് ഉരുവിടുന്നവൻ സ്വർഗ്ഗത്തിൽ പ്രവേശിക്കുമെന്ന് ചില ആളുകൾ പറയുന്നു ല്ലോ? അദേഹം പ്രതികരിച്ചു.''ശരിയാണ്. ലാഇലാഹ ഇല്ലല്ലാഹു പറയുകയും അതിന്റെ അവകാശവും അനിവാര്യതയും പൂർത്തികരിക്കുകയും ചെയ്തവൻ സ്വർഗ്ഗത്തിൽ പ്രവേശിക്കും''. വഹബ് ബ്നു മുനബ്ബഹ്(ﷺ)നോട് ചിലർ ചോദിച്ചു: ലാ ഇലാഹ ഇല്ലല്ലാഹ് സ്വർഗ്ഗത്തിന്റെ താക്കോലല്ലേ? അദ്ദേഹം പറഞ്ഞു: ''അതെ, എല്ലാ താക്കോലുകൾക്കും പ്രത്യേക പല്ലുകളു ാവും. പൂട്ടിനോട് യോജിച്ച പല്ലുകളു ങ്കിൽ മാത്രമേ പൂട്ട് തുറക്കുകയുള്ളു അതല്ലാത്തവ കൊ ത് തുറക്കുകയില്ല''

ചിന്തിച്ച് നോക്കുക : അല്ലാഹുവല്ലാത്ത ആരാധ്യരിൽ അവിശ്വസിക്കാതെ, അപകടം വരുമ്പോൾ മരിച്ചവരിൽ അഭയം കണ്ടെത്തുകയും,അവരോട് പ്രാർത്ഥിക്കുകയും ചെയ്യുന്ന ഒരാൾ ''ലാ ഇലാഹ ഇല്ലല്ലാഹ്'' എന്നു ഉരുവിട്ടത് കൊ ുമാത്രം സ്വർഗ്ഗത്തിൽ പ്രവേശിക്കുകയോ? അതെങ്ങനെയാണ്?

## 4) മുഹമ്മദ് നബി(ﷺ)യുടെ സമുദായത്തിൽ ശിർക്കു ാവുകയില്ല?

''മുഹമ്മദ് നബി(ﷺ)യുടെ സമുദായത്തിൽ ശിർക്കു ാവുകയില്ല; അവരെല്ലാം 'ലാഇലാഹ ഇല്ലല്ലാഹ് മുഹമ്മദ് റസൂലുല്ലാഹ്' എന്ന് പ്രഖ്യാപിക്കുന്നവരാണ്. അതിനാൽ ഔലിയാക്കളുടേയും സ്വാലീഹീങ്ങളുടേയും ഖബറിങ്കൽ അവർ ചെയ്യുന്നതൊന്നും ശിർക്കായി ഗണിക്കാൻ പറ്റുകയില്ല''ഇതാണ് മറ്റൊരു വാദം.

മറുപടി: ജൂത ക്രിസ്ത്യാനികളുടെ നടപടികൾ പിൻപറ്റുന്ന ഒരവസ്ഥ സമുദായത്തിനു ാവുമെന്ന് നബി(ﷺ) പറഞ്ഞിട്ടു ്. പണ്ഡിതന്മാരെയും പുരോഹിതന്മാരെയും അല്ലാഹുവിന് പുറമെ റബ്ബുകളായി സ്വീകരിച്ചവരാണവർ.നബി(ﷺ) പറഞ്ഞു:പൂർവ സമുദായങ്ങളുടെ നടപടികൾ അക്ഷരം പ്രതി നിങ്ങൾ അനുകരിക്കുക തന്നെ ചെയ്യും. എത്രത്തോളമെന്നാൽ അവർ ഉടുമ്പു മാളത്തിൽ കടന്നു ചെന്നിട്ടു െ ങ്കിൽ നിങ്ങളുമതിൽ കടന്നു ചെല്ലും. അനുചരന്മാർ ചോദിച്ചു. ദൈവദൂതരെ, ജൂത ക്രിസ്ത്യാനികളെയാണോ താങ്കൾ ഉദ്ദേശിക്കുന്നത്? അദ്ദേഹം പറഞ്ഞു: അല്ലാതെ മറ്റാരെയാണ്?

മത–രാഷ്ട്രീയ സാമ്പ്രദായിക രംഗങ്ങളിലെല്ലാം പൂർവ സമുദായങ്ങളെ ഭാവിയിൽ ഈ സമുദായവും പിൻപറ്റുമെന്നാണ് നബി(ﷺ) പറഞ്ഞത്. തീർച്ചയായും അവിടുത്തെ പ്രവചനം പുലർന്നിരിക്കുന്നു. നോക്കുക, ഇവിടെ ഖബറുകൾ അല്ലാഹുവിന് പുറമെ ആരാധിക്കപ്പെടുന്നു! നബി(ﷺ) പറയുകയു ായി; തന്റെ സമുദായത്തിലെ ഒരു വിഭാഗം ബഹുദൈവാരാധകരുമായി ചേരുകയും വിഗ്രഹപൂജ നടത്തുകയും ചെയ്യുന്നത് വരെ ലോകാവസാനം ഉ ാകുകയില്ല. ഇപ്പോഴിതാ ഈ സമുദായത്തിൽ ശിർക്കും അപകടരമായ സിദ്ധാന്തങ്ങളും വഴിപിഴച്ച സരണികളും ഉടലെടുത്തിരിക്കുന്നു. അതുവഴി നിരവധിപേർ ഇസ്ലാമിക വൃത്തത്തിൽ നിന്നു തന്നെ പുറത്തു പോയിരിക്കുകയാണ്.

## 5) അറേബ്യയിൽ പിശാച് ആരാധിക്കപ്പെടുകയില്ല?

മറ്റൊരു തെളിവ് നബി(ﷺ)യുടെ വചനമാണ്. അവിടുന്ന് അരുളുകയു ായി; അറേബ്യൻ ദ്വീപിലെ നമസ്കരിക്കുന്നവൻ തനിക്ക് ആരാധനയർപ്പിക്കുന്ന അവസ്ഥയെ തൊട്ട് പിശാചിന് നി

രാശ ബാധിച്ചിരിക്കുന്നു. ഇമാം മുസ്‌ലിം റിപ്പോർട്ട് ചെയ്ത ഈ ഹദീസിന്റെ വെളിച്ചത്തിൽ അറേബ്യയിൽ ശിർക്കു ാവുക അ സംഭവ്യമാണ് എന്നാണ് ചിലരുടെ വാദം.

മറുപടി: ഇമാം ഇബ്നു റജബ് വ്യക്തമാക്കിയത് പോലെ അറേബ്യയിലെ മുസ്‌ലിംകളെല്ലാം ശിർക്കിൽ യോജിക്കുകയില്ല എന്നാണ് ഈ ഹദീസിന്റെ ആശയം. ''ഇന്ന് സത്യനിഷേധികൾ നിങ്ങളുടെ മതത്തെ നേരടുന്ന കാര്യത്തിൽ നിരാശപ്പെട്ടിരിക്കുന്നു''എന്ന സൂക്തത്തിന്റെ വ്യഖ്യാനത്തിൽ ഇമാം ഇബ്നുകസീറും അക്കാര്യത്തിലേക്ക് വിരൽ ചൂ ുന്നു ്.

മാത്രമല്ല, പിശാച് നിരാശപ്പെട്ടിരിക്കുന്നു എന്നാണ് നബി(ﷺ)യുടെ പദപ്രയോഗം.അല്ലാതെ പിശാച് നിരാശനാക്കപ്പെട്ടിരിക്കുന്നു എന്നല്ല. അഥവാ പിശാചിന് സ്വയമു ാകുന്നതാണ് നിരാശ, അതാകട്ടെ വ്യക്തമായ അറിവിന്റെ വെളിച്ചത്തിലല്ല. ഊഹവും അവന്റെ കണക്കൂട്ടലും മാത്രമാണ്. കാരണം പിശാചിന് ഗൈബ് (അദൃശ്യം) അറിയില്ല. ഭാവിയിൽ ശിർക്ക് ഉ ാവുമോ ഇല്ലേ എന്ന അറിവ് ഗൈബിൽ പെട്ടതാണ്. അല്ലാഹുവിനു മാത്രമേ അത് അറിയുകയുള്ളു. മാത്രമല്ല, പിശാചിന്റ ഊഹം അസത്യമാണെന്ന് നബി(ﷺ)യിൽ നിന്നും സ്ഥിരപ്പെട്ടു വന്ന വചനങ്ങൾ തെളിയിക്കുന്നു. തനിക്കുശേഷം തന്റെ സമുദായത്തിൽ ശിർക്കു ാവുമെന്ന് അവിടുന്ന് അരുളിയിട്ടു ്. അതുപോലെ പിശാചിന്റെ ഊഹം തെറ്റാണെന്ന് പ്രയോഗത്തിലും തെളിഞ്ഞിരിക്കുന്നു. നബി(ﷺ)യുടെ മരണ ശേഷം ധാരാളം അറബികൾ പല രീതിയിൽ മതപരിത്യാഗികളായി ഇസ്‌ലാമിൽ നിന്നും പുറത്തു പോയിട്ടു ല്ലോ.

**6. ഞങ്ങൾ ശഫാഅത്ത് മാത്രമേ ചോദിക്കുന്നുള്ളു !**

ശഫാഅത്തിൽ പിടിച്ച് തൂങ്ങികൊ ാണ് മറ്റൊരു ന്യായം. ഔലിയാക്കളും സ്വാലീഹീങ്ങളും അല്ലാഹുവെ കൂടാതെതന്നെ ആവശ്യങ്ങൾ നിവർത്തിച്ചു തരുമെന്ന് ഞങ്ങൾ കരുതുന്നില്ല. മറിച്ചു ഞങ്ങൾക്കുവേ ി അല്ലാഹുവോട് അവർ ശുപാർശ (ശഫാഅത്ത്) ചെയ്യണമെന്ന് മാത്രമാണ് ഞങ്ങൾ ഉദ്ദേശിക്കുന്നത്. കാരണം അല്ലാഹുവിങ്കൽ ഉന്നതമായ പദവിയും വിശുദ്ധിയും ഉള്ളവരാണല്ലോ അവർ? ശഫാഅത്താകട്ടെ ഖുർആൻ കൊ ും ഹദീസുകൊ ും സ്ഥിരപ്പെട്ട കാര്യവുമാണ്. അത് മാത്രമേ ഞങ്ങൾ ആഗ്രഹിക്കുന്നുള്ളു.

മറുപടി. അല്ലാഹുവിനു പുറമേ സൃഷ്ടികളെ അവലംബിക്കുവാൻ തെളിവായി പൂർവ്വികരായ ബഹുദൈവാരാധകർ ഇതേവാദം തന്നെയാണ് ഉന്നയിച്ചിരുന്നത്.അല്ലാഹു പറയുന്നത് കാണുക.

وَالَّذِينَ اتَّخَذُوا مِن دُونِهِ أَوْلِيَاء مَا نَعْبُدُهُمْ إِلَّا لِيُقَرِّبُونَا إِلَى اللَّهِ زُلْفَى (سورة الزمر: ٣)

''അവനു പുറമെ ഔലിയാക്കളെ സ്വീകരിച്ചവർ (പറയുന്നു) അല്ലാഹുവിങ്കലേക്ക് ഞങ്ങൾക്ക് കൂടുതൽ അടുപ്പമു ാക്കിത്തരാൻ വേ ി മാത്രമാകുന്നു ഞങ്ങൾ അവരെ ആരാധിക്കുന്നത്.'' (സുമർ-3)

وَيَعْبُدُونَ مِن دُونِ اللّهِ مَا لاَ يَضُرُّهُمْ وَلاَ يَنفَعُهُمْ وَيَقُولُونَ هَـؤُلاء شُـفَعَاؤُنَا عِنـدَ اللّهِ ... (سورة يونس: ١٨)

''അവർക്ക് ഉപ്രദവമോ ഉപകാരമോ ചെയ്യാത്തതിനെ, അല്ലാഹുവിന് പുറമേ അവർ ആരാധിച്ചു കൊ ിരക്കുന്നു. ഇവർ(ആരാധ്യർ) അല്ലാഹുവിന്റെ അടുക്കൽ ഞങ്ങൾക്കുള്ള ശുപാർശകരാണ് എന്ന് പറയുകയും ചെയ്യുന്നു.'' (യൂനുസ്-18)

ശഫാഅത്ത് എന്നത് ഒരു യഥാർത്ഥ്യം തന്നെയാണ്. പക്ഷെ, അതിന്റെ ഉടമസ്ഥാവകാശം അല്ലാഹുവിന് മാത്രമാണ്.

قُل لِّلَّهِ الشَّفَاعَةُ جَمِيعًا لَّهُ مُلْكُ السَّمَاوَاتِ وَالْأَرْضِ (سورة الزمر: ٤٤)

''പറയുക: ശുപാര്‍ശ മുഴുവന്‍ അല്ലാഹുവിനാകുന്നു. അവനാകുന്നു ആകാശങ്ങളുടേയും ഭൂമിയുടേയും ആധിപത്യം.''(സുമര്‍ 44)

അതിനാല്‍ ശുപാര്‍ശ ചോദിക്കേ   ത് അല്ലാഹുവോടാണ്. മരിച്ചവരോടല്ല.

ര   ു നിബന്ധനകള്‍ക്കു വിധേയമാണ് ശുപാര്‍ശയെന്ന് അല്ലാഹു നമ്മെ അറിയിച്ചിട്ടു   ്, (ഒന്ന്) ശുപാര്‍ശ ചെയ്യുന്നവന് ശുപാര്‍ശ നടത്താന്‍ അല്ലാഹുവിന്റെ അനുമതി വേണം. അല്ലാഹു പറയുന്നു:

مَن ذَا الَّذِي يَشْفَعُ عِنْدَهُ إِلاَّ بِإِذْنِهِ (سورة البقرة: ٢٥٥)

''അവന്റെ അനുവാദപ്രകാരമല്ലാതെ അവന്റെ അരികില്‍ ശുപാര്‍ശ നടത്താനാരു   ്?'' (അല്‍ ബഖറ 255)

(ര   ്) ശുപാര്‍ശ ലഭിക്കേ   വന്‍ അല്ലാഹു തൃപ്തിപ്പെട്ട വാക്കുകളുടേയും പ്രവര്‍ത്തനങ്ങളുടേയും ഉടമയാകണം. അവനത്രെ ഏകദൈവാരാധകനായ സത്യവിശ്വാസി. അല്ലാഹു പറയുന്നു:

وَلَا يَشْفَعُونَ إِلَّا لِمَنِ ارْتَضَى (سورة الأنبياء: ٢٨)

''അവന്‍ തൃപ്തിപ്പെട്ടവര്‍ക്കു വേ   ിയല്ലാതെ അവര്‍ ശുപാര്‍ശ നടത്തുകയില്ല.'' (അംബിയാഅ് 28)

وَكَم مِّن مَّلَكٍ فِي السَّمَاوَاتِ لَا تُغْنِي شَفَاعَتُهُمْ شَيْئًا إِلَّا مِن بَعْدِ أَن يَأْذَنَ اللَّهُ لِمَن يَشَاء وَيَرْضَى (سورة النجم: ٢٦)

''ആകാശത്ത് എത്ര മലക്കുകളാണുള്ളത്! അവരുടെ ശുപാര്‍ശ യാതൊരു പ്രയോജനവും ചെയ്യുകയില്ല. അല്ലാഹു, അവനു

ദ്ദേശിക്കുകയും തൃപ്തിപ്പെടുകയും ചെയ്യുന്നവർക്ക് അനുവാദം നൽകിയതിന്റെ ശേഷമല്ലാതെ'' (അന്നജ്മ് 26)

يَوْمَئِذٍ لَّا تَنفَعُ الشَّفَاعَةُ إِلَّا مَنْ أَذِنَ لَهُ الرَّحْمَٰنُ وَرَضِيَ لَهُ قَوْلًا (سورة طه: ١٠٩)

''അന്നേ ദിവസം പരമകാരുണികൻ ആരുടെ കാര്യത്തിൽ അനുമതി നൽകുകയും,ആരുടെ വാക്ക് തൃപ്തിപ്പെടുകയും ചെയ്തിരിക്കുന്നുവോ അവനല്ലാതെ ശുപാർശ പ്രയോജനപ്പെടുകയില്ല.'' (ത്വാഹ 109)

മലക്കുകളോടോ, പ്രവാചകന്മാരോടോ, വിഗ്രഹങ്ങളോടോ ശഫാഅത്ത് ചോദിക്കാൻ അല്ലാഹു അനുമതി നൽകിയിട്ടില്ല.ശഫാഅത്ത് മുഴുവൻ അവന്റെ ഉടമസ്ഥതയിലാണ്. അതിനാൽ അവനോട് തന്നെ ചോദിക്കണം.ശുപാർശകന് ശുപാർശ നടത്തുവാനുള്ള അനുമതി നൽകുന്നവനും അല്ലാഹുവാണ്.അവൻ അനുവദിച്ചില്ലെങ്കിൽ ഒരാളും അവന്റെ മുമ്പിൽ ശുപാർശകനായി വരികയില്ല.

അനുമതി ലഭിക്കാത്തവരും ശുപാർശകരായി വരുന്ന സമ്പ്രദായം സൃഷ്ടികൾക്കിടയിൽ ഉ ാവാറു ്. ഇഷ്ടപ്പെട്ടില്ലെങ്കിലും ശുപാർശകരുടെ ശുപാർശ സ്വീകരിക്കപ്പെടാറും ഉ ്.കാരണം ശുപാർശ സ്വീകരിക്കേ വ്യക്തിക്ക് ശുപാർശകന്റെ സഹകരണം ആവശ്യമാണ്. അതിനാൽ താൻ അനുവാദം നൽകിയില്ലെങ്കിലും അവന്റെ ശുപാർശ സ്വീകരിക്കാൻ അയാൾ നിർബന്ധിതനാകുന്നു. ഇതാണ് സൃഷ്ടികളിലെ അവസ്ഥ. എന്നാൽ അല്ലാഹുവിന് ഇത്തരം നിർബന്ധിതാവസ്ഥയില്ല. അവന് ഒരാളുടേയും സേവനം ആവശ്യമില്ല. എല്ലാവരും അവന്റ ആശ്രിതരാണ്.

അതു പോലെ പ്രജകളുടെ എല്ല അവസ്ഥയും മനുഷ്യൻ അറിയുന്നില്ല. ശുപാർശകർ അവനെ അറിയിക്കുകയാണ്. എന്നാ

ൽ അല്ലാഹു എല്ലാം സൂക്ഷ്മമായി അറിയുന്നവനാണ്. തന്റെ സൃഷ്ടികളുടെ ഒരവസ്ഥയും അവനു ഗോപ്യമല്ല.അതിനാൽ വിഷയം ധരിപ്പിക്കുവാൻ ഒരാളുടെയും സേവനം അവന് ആവശ്യമില്ല.

നിഷ്കളങ്കരായ ആളുകൾക്ക് ഔദാര്യമെന്നോണം അല്ലാഹു പൊറുത്തു കൊടുക്കുകയും മാപ്പ് നൽകുകയും ചെയ്യുന്നു. അതാവട്ടെ, താൻ ശുപാർശ നടത്താൻ അനുവാദം നൽകിയവരെ ബഹുമാനിക്കുവാൻ വേണ്ടി അവരുടെ പ്രാർത്ഥന മുഖേന ചെയ്യുന്നു എന്നു മാത്രം.അതാണ് അല്ലാഹുവിങ്കലേക്കുള്ള ശുപാർശയുടെ യഥാർത്ഥത്തിലുള്ള അവസ്ഥ.

## 7. ഞങ്ങൾ മഹാന്മാരെ സ്നേഹിക്കുകയാണ്?

ഔലിയാക്കകൾക്കും സ്വാലീഹിങ്ങൾക്കും അല്ലാഹുവിങ്കൽ ഉന്നത സ്ഥാനമുണ്ടെന്ന് അല്ലാഹു പറയുന്നുണ്ടല്ലോ.

أَلا إِنَّ أَوْلِيَاء اللّهِ لاَ خَوْفٌ عَلَيْهِمْ وَلاَ هُمْ يَحْزَنُونَ*الَّذِينَ آمَنُواْ وَكَانُواْ يَتَّقُونَ*لَهُمُ الْبُشْرَى فِي الْحَياةِ الدُّنْيَا وَفِي الآخِرَةِ (سورة يونس: ٦٢-٦٤)

''ശ്രദ്ധിക്കുക, തീർച്ചയായും അല്ലാഹുവിന്റെ ഔലിയാക്കൾ (മിത്രങ്ങൾ) ആരോ അവർക്ക് യാതൊരു ഭയവുമില്ല. അവർ ദുഖിക്കേണ്ടി വരികയില്ല. വിശ്വസിക്കുകയും സൂക്ഷ്മത പാലിച്ചു കൊണ്ടിരിക്കുകയും ചെയ്യുന്നവരത്രെ അവർ.അവർക്കാണ് ഐഹിക ജീവിതത്തിലും പരലോകത്തും സന്തോഷവാർത്തയുള്ളത്.'' (യൂനുസ് 62–64)

അതിനാൽ അവരുമായി ബന്ധപ്പെട്ടുകഴിയുക, അവർ ഉപയോഗിച്ച വസ്തുക്കൾ കൊണ്ട് ''ബർക്കത്തു'' തേടുക തുടങ്ങിയ കാര്യങ്ങൾ അവരോടുള്ള സ്നേഹവും ബഹുമാനവുമാണ്. അതു പോലെത്തന്നെയാണ് അവരുടെ ''ഹഖ്'' കൊണ്ട് ''ജാ

ഹു'' കൊ  ും അല്ലാഹുവോട് തേടുന്നതും ഇതാണ് മറ്റൊരു ന്യായം.

മറുപടി. വിശ്വാസത്തിനും കർമ്മത്തിനും അനുസരിച്ച് ഏറ്റക്കുറവ് ഉ  ാകുമെങ്കിലും എല്ലാ സത്യവിശ്വാസികളും അല്ലാഹുവിന്റെ ഔലിയാക്കളാണ്. എന്നാൽ ഒരു വ്യക്തിയെപ്പറ്റി ''വലിയ്യ്'' എന്ന് ഖണ്ഡിതമായി പറയാൻ ഖുർആനിലോ സുന്നത്തിലോ രേഖ വേണം. ഖുർആനും സുന്നത്തും ആരെയെല്ലാം ഔലിയാക്കളെന്ന് സാക്ഷ്യപ്പെടുത്തിയിട്ടു  ോ അവരെ നാമും സാക്ഷ്യപ്പെടുത്തുന്നു. ആരെക്കുറിച്ച് അങ്ങനെയൊന്നും സാക്ഷ്യപ്പെടുത്തിയിട്ടില്ലയോ അവരെപ്പറ്റി നാം ഖണ്ഡിതമായി ഒന്നും പറയാൻ പാടില്ല. പക്ഷെ സത്യവിശ്വാസികൾക്കും നാം നന്മ ആഗ്രഹിക്കുകയും ചെയ്യുക.

ഖുർആനിലോ സുന്നത്തിലോ ഒരാളെപ്പറ്റി ഔലിയാക്കളിൽപ്പെട്ടവൻ എന്ന് സ്ഥിരീകരിച്ചാൽ തന്നെ അയാളുടെ ഹഖ്വു കൊ  ും ജാഹുകൊ  ും അല്ലാഹുവോട് പ്രാർത്ഥിക്കുവാൻ പാടില്ല. 'ബർക്കത്തു തേടാനോ', അവരോടുള്ള സ്നേഹത്തിൽ പരിധി വിടാനോ പാടില്ല. കാരണം അതെല്ലാം ശിർക്കിലേക്കുള്ള കവാടങ്ങളും നിഷിദ്ധമാക്കപ്പെട്ട ബിദ്അത്തുകളുമാണ്. നാമെല്ലാം സദ്വൃത്തരായ സത്യവിശ്വാസികളെ സ്നേഹിക്കുന്നു. സൽകർമ്മങ്ങളിൽ നാം അവരെ അനുഗമിക്കുന്നു. എന്നാൽ അവർക്കുള്ളതിൽ കവിഞ്ഞ സ്ഥാനത്തേക്ക് അവരെ നാം ഉയർത്താൻ പാടില്ല. സദ്വൃത്തരെ ബഹുമാനിക്കുന്നതിൽ അതിരുവിട്ടു പോയതാണ് ബഹുദൈവാരാധനയുടെ തുടക്കം.അതാണ് നൂഹ് നബി(ﷺ)യുടെ ജനതയിൽ സംഭവിച്ചത്. അവർ സച്ചരിതരായ വ്യക്തികളോട് ആദരവ് പ്രകടിപ്പിക്കുന്നതിൽ പരിധി വിട്ടു. അങ്ങനെ അല്ലാഹുവിനെ കൂടാതെ അവരെ ആരാധിക്കുന്ന അ

വസ്ഥയു  ായി. അതുതന്നെയാണ് ഈ സമുദായത്തിലും സം ഭവിച്ചത്. സ്വാലിഹീങ്ങളുടെ കാര്യത്തിൽ സമുദായം പരിധി വിട്ടു. അപ്പോൾ അവരുടെ ആരാധനയിൽ ശിർക്കു  ായി. അതിരു കവിയുന്നതിനെ പറ്റി അല്ലാഹുവും ദൂതരും താക്കീത് നൽകിയത് നോക്കുക. അല്ലാഹു പറയുന്നു:

قُلْ يَا أَهْلَ الْكِتَابِ لاَ تَغْلُواْ فِي دِينِكُمْ غَيْرَ الْحَقِّ (سورة المائدة: ٧٧)

''(നബിയേ) പറയുക: വേദക്കാരെ, സത്യത്തിനെതിരായി നിങ്ങളുടെ മതകാര്യത്തിൽ നിങ്ങൾ അതിരു കവിയരുത്.''(മാഇദ 77)

നബി(ﷺ) പറഞ്ഞു:

لا تطروني كما أطرت النصارى ابن مريم. انما أنا عبد فقولو عبد الله ورسوله

''ക്രിസ്ത്യാനികൾ മർയമിന്റെ പുത്രനെ വാഴ്ത്തിയ പോലെ നിങ്ങൾ എന്നെ വാഴ്ത്തരുത്. ഞാൻ ഒരു ദാസൻ മാത്രമാണ്. അതിനാൽ ദൈവത്തിന്റെ ദാസനും ദൂതനും എന്ന് എന്നെപ്പറ്റി നിങ്ങൾ പറയുക.'' (ബുഖാരി 6/478 (ഫത്ഹുൽബാരി))

ഒരു 'വലിയ്യി'ന്റെയും മറ്റാരുടെയും മാദ്ധ്യമം കൂടാതെ തന്നോട് നേരിട്ട് പ്രാർത്ഥിക്കണമെന്നാണ് അല്ലാഹു നമ്മോട് കൽപിച്ചത്. നമ്മുടെ പ്രാർത്ഥനയ്ക്ക് ഉത്തരം നൽകുമെന്നവൻ നമ്മോട് വാഗ്ദത്തം ചെയ്തിട്ടുമു ്. അവൻ ഒരിക്കലും വാഗ്ദത്തം ലംഘിക്കുകയില്ല. അല്ലാഹു പറയുന്നു:

وَقَالَ رَبُّكُمُ ادْعُونِي أَسْتَجِبْ لَكُمْ (سورة غافر: ٦٠)

''നിങ്ങളുടെ രക്ഷിതാവ് പറഞ്ഞിരിക്കുന്നു. നിങ്ങൾ എന്നോട് പ്രർത്ഥിക്കൂ, ഞാൻ നിങ്ങൾക്ക് ഉത്തരം നല്കാം.''(ഗാഫിർ60)

وَإِذَا سَأَلَكَ عِبَادِي عَنِّي فَإِنِّي قَرِيبٌ أُجِيبُ دَعْوَةَ الدَّاعِ إِذَا دَعَانِ فَلْيَسْتَجِيبُواْ لِي وَلْيُؤْمِنُواْ بِي (سورة البقرة: ١٨٦)

‘‘നിന്നോട് എന്റെ ദാസന്മാർ എന്നെപ്പറ്റി ചോദിച്ചാൽ ഞാൻ (അവർക്ക് ഏറ്റവും) അടുത്തുള്ളവനാകുന്നു (എന്ന് പറയുക) പ്രാർത്ഥിക്കുന്നവൻ എന്നെ വിളിച്ച് പ്രർത്ഥിച്ചാൽ ഞാൻ ആ പ്രാർത്ഥനക്ക് ഉത്തരം നല്കുന്നതാണ്.അതുകൊ ് എന്റെ ആ ഹ്വാനം അവർ സ്വീകരിക്കുകയും എന്നിൽ അവർ വിശ്വസിക്കു കയും ചെയ്യട്ടെ.’’ (അൽ ബഖറ 186)

ادْعُواْ رَبَّكُمْ تَضَرُّعًا وَخُفْيَةً (سورة الأعراف: ٥٥)

‘‘താഴ്മയോടു കൂടിയും രഹസ്യമായി കൊ ും നിങ്ങൾ നി ങ്ങളുടെ രക്ഷിതാവിനോട് പ്രാർത്ഥിക്കുക.’’ (അഅ്റാഫ് 55)

هُوَ الْحَيُّ لَا إِلَهَ إِلَّا هُوَ فَادْعُوهُ مُخْلِصِينَ لَهُ الدِّينَ (سورة الأعراف: ٥٥)

‘‘അവനാകുന്നു ജീവിച്ചിരിക്കുന്നവൻ. അവനല്ലാതെ യാതൊ രു ദൈവവുമില്ല.അതിനാൽ കീഴ്വണക്കം അവനു നിഷ്ക്കളങ്കമാ ക്കികൊ ് അവനോടു നിങ്ങൾ പ്രാർത്ഥിക്കുക.’’ (ഗാഫിർ: 65)

ഇങ്ങനെ ഖുർആൻ സൂക്തങ്ങളെല്ലാം യാതൊരു മദ്ധ്യവർ ത്തിയുമില്ലാതെ നേരിട്ട് പ്രാർത്ഥിക്കാനാണ് കൽപിക്കുന്നത്. മാ ത്രമല്ല. ഔലിയാക്കളും സ്വാലിഹീങ്ങളും തന്നെ അല്ലാഹുവിന്റെ കാരുണ്യം തേടുന്ന ദരിദ്രരായ അടിമകളാണ്. അല്ലാഹു പറയു ന്നത് നോക്കുക:

أُولَـئِكَ الَّذِينَ يَدْعُونَ يَبْتَغُـونَ إِلَى رَبِّهِـمُ الْوَسِـيلَةَ أَيُّهُـمْ أَقْـرَبُ وَيَرْجُـونَ رَحْمَتَـهُ وَيَخَافُونَ عَذَابَهُ (سورة الإسراء: ٥٧)

‘‘ആരെയാണോ അവർ വിളിച്ച് പ്രാർത്ഥിച്ച് കൊ ിരിക്കുന്ന ത്, അവർ തന്നെ തങ്ങളുടെ രക്ഷിതാവിങ്കലിലേക്ക് സമീപന മാ ർഗം തേടി കൊ ിരിക്കുകയാണ്. അതെ, കൂട്ടത്തിൽ അല്ലാഹു വോട് ഏറ്റവും അടുത്തവർ തന്നെ (അപ്രകാരം തേടുന്നു), അ

വർ അവന്റെ കാരുണ്യം ആഗ്രഹിക്കുകയും അവന്റെ ശിക്ഷ ഭയപ്പെടുകയും ചെയ്യുന്നു.'' (ഇസ്റാഅ് 57)

ഇബ്നു അബ്ബാസ്(ﷺ) പറഞ്ഞു. ഞങ്ങൾ മലക്കുകളേയും യേശുവിനേയും ഉസൈറിനെയുമൊക്കെയാണ് ആരാധിക്കുന്നത് എന്ന് പറയുന്ന ബഹുദൈവാരാധകർക്ക് അല്ലാഹുവിന്റെ മറുപടിയാണ് മേൽ സൂക്തം. അഥവാ അവരുടെ ആരാധ്യരിൽ പെട്ട മലക്കുകൾ തന്നെ അല്ലാഹുവിന്റെ സാമീപ്യത്തിനുവേ ി വ്യഗ്രത കൂട്ടുകയാണ്. അവന്റെ കാരണ്യം ആഗ്രഹിക്കുകയും ശിക്ഷ ഭയപ്പെടുകയും ചെയ്യുന്നു. ഇതാണവരുടെ അവസ്ഥ. പിന്നെ അല്ലാഹുവോടോപ്പം അവർ പ്രാർത്ഥിക്കപ്പെടാൻ കൊള്ളുമോ?

ശൈഖുൽ ഇസ്ലാം ഇബ്നുതൈമിയ്യ പറഞ്ഞു: ''മലക്കുകൾ, ജിന്ന്, മനുഷ്യർ മുതലായ ദൈവദാസന്മാരെ ആരാധ്യരാക്കിയ എല്ലാവരെയും ഈ സൂക്തം ഉൾക്കൊള്ളുന്നു. അല്ലാഹുവെ കൂടാതെ മറ്റുള്ളവരോട് പ്രാർത്ഥിച്ച എല്ലാവരെയും അഭിസംബോധന ചെയ്ത്തു കൊ ാണ് അല്ലാഹു പറയുന്നത്: പ്രാർത്ഥിക്കപ്പെടുന്നവർ തന്നെ അല്ലാഹുവിന്റെ സാമീപ്യം തേടുകയും അവന്റെ അനുഗ്രഹം കൊതിക്കുകയും ശിക്ഷ ഭയപ്പെടുകയും ചെയ്യുന്നുവെന്ന്. അതിനാൽ മലക്കുകളോടും ജിന്നുകളോടും പ്രാർത്ഥിച്ചവരെ ഉൾക്കൊള്ളുന്നത് പോലെ മരണപ്പെട്ടവരോ കൺ മുമ്പിലില്ലാത്തവരോ ആയ അമ്പിയാക്കളോടും സ്വാലീഹീങ്ങളോടും പ്രാർത്ഥിക്കുന്നവരെയും ഈ സൂക്തം ഉൾക്കൊള്ളുന്നു.ആ പ്രാർത്ഥന 'ഇസ്തിഗാസ' എന്ന പദം പ്രയോഗിച്ചു കൊ ായാലും ശരി.

### 8. വസീല തേടാൻ ഖുർആൻ പറയുന്നു

يَا أَيُّهَا الَّذِينَ آمَنُواْ اتَّقُواْ اللّهَ وَابْتَغُواْ إِلَيهِ الْوَسِيلَةَ (سورة المائدة: ٣٥)

''സത്യവിശ്വസികളേ നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുകയും അവനിലേക്ക് വസീല തേടുകയും ചെയ്യുക.'' (മാഇദ 35)

''ആരെയാണോ അവർ വിളിച്ചു പ്രാർത്ഥിക്കുന്നത് അവർ തന്നെ തന്റെ രക്ഷിതാവിങ്കലേക്ക് 'വസീല' തേടുകയാണ്. അതെ അവരുടെ കൂട്ടത്തിൽ അല്ലാഹുവോട് ഏറ്റവും അടുത്തവർ തന്നെ'' (അൽ ഇസ്റാഅ് 85)

ഈ സൂക്തങ്ങളുടെ വെളിച്ചത്തിൽ അല്ലാഹുവിനും മനുഷ്യനുമിടയിൽ അമ്പിയാക്കളേയും സ്വാലിഹീങ്ങളേയും ഇടയാളന്മാരായി സ്വീകരിക്കാമെന്നവർ മനസ്സിലാക്കുന്നു. അങ്ങനെ, അവരുടെ ദാത്ത് കൊ ു ം ഹഖു കൊ ു ം ജാഹ്കൊ ു ം തവസ്സുൽ ചെയ്യാമെന്നവർ വാദിക്കുന്നു.

മറുപടി: മുകളിലെ ര ു സൂക്തങ്ങളിലും പരാമർശിച്ച 'വസീല'യുടെ ഉദ്ദേശ്യം അവർ മനസ്സിലാക്കിയപോലെ അല്ലാഹുവിനും മനുഷ്യനുമിടയിൽ മദ്ധ്യവർത്തികളെ സ്വീകരിക്കുക എന്നല്ല. മറിച്ചു സൽകർമ്മങ്ങൾ മുഖേന അല്ലാഹുവിലേക്ക് സാമീപ്യം തേടുക എന്നാണ്.

അതിനാൽ തവസ്സുൽ ര ് വിധമു ്. അനുവദനീയമായ തവസ്സുലും നിഷിദ്ധമായ തവസ്സുലും.

**അനുവദനീയമായ തവസ്സുലിന്റെ രൂപങ്ങൾ**

1) അല്ലാഹുവിന്റെ ഉത്തമനാമങ്ങളും ഗുണവിശേഷങ്ങളും മുഖേന അവന്റെ സാമീപ്യം തേടുക. അല്ലാഹു പറയുന്നു:

وَلِلّهِ الأَسْمَاء الْحُسْنَى فَادْعُوهُ بِهَا (سورة الأعراف: ١٨٠

‘‘അല്ലാഹുവിന് ഏറ്റവും നല്ല പേരുകളു  ്. അതിനാൽ ആ പേരുകൾ കൊ  ് അവനെ നിങ്ങൾ വിളിച്ചു കൊള്ളുക.’’ (അഅ്റാഫ് 180)

കരുണയുള്ളവരിൽ വെച്ച് ഏറ്റവും കാരുണികനായ അല്ലാഹുവേ, സ്നേഹ ദാതാവേ, അനുഗ്രഹം ചൊരിയുന്നവനെ, മഹത്വമുടയവനെ നിന്നോട് ഞാൻ ഇന്നയിന്ന കാര്യങ്ങൾ ചോദിക്കുന്നു. എന്നിങ്ങനെ പ്രാർത്ഥിക്കുക എന്നർത്ഥം.

2) തന്റെ ദരിദ്രാവസ്ഥയും ദൈവികസഹായത്തിന്റെ ആവശ്യകതയും എടുത്തു പറഞ്ഞുകൊ  ് നടത്തുന്ന പ്രാർത്ഥന. അതിൽ പെട്ടതാണ് അയ്യൂബ് നബി(ﷺ)യുടെ പ്രാർത്ഥന.

وَأَيُّوبَ إِذْ نَادَى رَبَّهُ أَنِّي مَسَّنِيَ الضُّرُّ وَأَنتَ أَرْحَمُ الرَّاحِمِينَ (سورة الأنبياء: ٨٣)

‘‘അയ്യൂബിനെയും (ഓർക്കുക) തന്റെ രക്ഷിതാവിനെ വിളിച്ച് കൊ  ് അദ്ദേഹം ഇപ്രകാരം പ്രാർത്ഥിച്ച സന്ദർഭം. എനിക്കിതാ കഷ്ടപ്പാട് ബാധിച്ചിരിക്കുന്നു. നീ കാരുണികരിൽ വെച്ച് ഏറ്റവും കരുണയുള്ളവനല്ലോ’’ (അംബിയാഅ് 83)

അതു പോലെ സക്കരിയ്യ നബി(ﷺ) പ്രാർത്ഥിച്ചു:

قَالَ رَبِّ إِنِّي وَهَنَ الْعَظْمُ مِنِّي وَاشْتَعَلَ الرَّأْسُ شَيْبًا وَلَمْ أَكُن بِدُعَائِكَ رَبِّ شَقِيًّا

(سورة مريم: ٤)

‘‘അദ്ദേഹം പറഞ്ഞു: എന്റെ രക്ഷിതാവേ, എന്റെ എല്ലുകൾ ബലഹീനമായിക്കഴിഞ്ഞിരിക്കുന്നു.തലയാണെങ്കിൽ നരച്ചു തിളങ്ങുന്നതായിരിക്കുന്നു. എന്റെ രക്ഷിതാവേ, നിന്നോട് പ്രാർത്ഥിച്ചിട്ട് ഞാൻ ഭാഗ്യം കെട്ടവനായിട്ടില്ല’’ (മറിയം 4)

യൂനുസ് നബി(ﷺ) പ്രാർത്ഥിച്ചു:

أَن لَّا إِلَهَ إِلَّا أَنتَ سُبْحَانَكَ إِنِّي كُنتُ مِنَ الظَّالِمِينَ (سورة الأنبياء: ٨٧)

''നീയല്ലാതെ യാതൊരു ദൈവവുമില്ല. നീ എത്ര പരിശുദ്ധൻ! തീർച്ചയായും ഞാൻ ആക്രമികളിൽ പെട്ടവനായിരിക്കുന്നു'' (അമ്പിയാഅ് 87)

3) സൽകർമ്മങ്ങൾ എടുത്തു പറഞ്ഞുകൊ ് നടത്തുന്ന പ്രാർത്ഥന ഉദാഹരണമായി അല്ലാഹു പറയുന്നത് നോക്കുക:

رَّبَّنَا إِنَّنَا سَمِعْنَا مُنَادِيًا يُنَادِي لِلإِيمَانِ أَنْ آمِنُواْ بِرَبِّكُمْ فَآمَنَّا رَبَّنَا فَاغْفِرْ لَنَا ذُنُوبَنَا وَكَفِّرْ عَنَّا سَيِّئَاتِنَا وَتَوَفَّنَا مَعَ الأبْرَارِ (سورة آل عمران: ١٩٣)

''ഞങ്ങളുടെ രക്ഷിതാവേ, സത്യവിശ്വാസത്തിലേക്ക് ക്ഷണിക്കുന്ന ഒരു പ്രബോധകൻ ''നിങ്ങൾ നിങ്ങളുടെ രക്ഷിതാവിൽ വിശ്വസിക്കുവിൻ'' എന്നു പറയുന്നത് കേട്ടു. അങ്ങനെ ഞങ്ങൾ വിശ്വസിച്ചിരുന്നു. ഞങ്ങളുടെ രക്ഷിതാവേ, അതിനാൽ ഞങ്ങളുടെ പാപങ്ങൾ നീ ഞങ്ങൾക്ക് പൊറുത്തു തരേണമേ, ഞങ്ങളുടെ തിന്മകൾ നീ ഞങ്ങളിൽ നിന്ന് മായ്ച്ചുകളയേണമേ, പുണ്യവാളന്മാരുടെ കൂട്ടത്തിലായ നീ ഞങ്ങളെ മരിപ്പിക്കുകയും ചെയ്യേണ മേ'' (ആലു ഇംറാൻ 193)

അതുപോലെ ഗുഹയിൽ അകപ്പെട്ടു പോയ മൂന്ന് പേരുടെ കഥയിലും ഇത് നമുക്ക് കാണാം. അവർ മൂന്ന് പേരും തങ്ങൾ ചെയ്ത സൽകർമ്മങ്ങൾ മുൻനിർത്തി അല്ലാഹുവോട് പ്രാർത്ഥിച്ചപ്പോൾ ഗുഹാമുഖം അവർക്കായി തുറക്കപ്പെടുകയു ായി.

എതിർ വാദക്കാർ തെളിവായി ഉന്നയിച്ച ര ു ഖുർആൻ സൂക്തങ്ങളിലും കാണുന്നതും ഈ തവസ്സുലാണ്. അതായത് സൽകർമ്മങ്ങൾ മുഖേന അല്ലാഹുവുന്റെ സാമീപ്യം തേടുക എന്ന തവസ്സുൽ.

4) സച്ചരിതരായ വ്യക്തികളുടെ പ്രാർത്ഥന മുഖേന അല്ലാഹുവിന്റെ സാമീപ്യം തേടുക. സദ്‌വൃത്തനായി ജിവിക്കുന്നു എന്നു മനസ്സിലാക്കപ്പെടുന്ന ഒരാളോട് എനിക്ക് വേ  ി നീ അല്ലാഹുവോട് പ്രാർത്ഥിക്കണമെന്ന് ആവശ്യപ്പെടുക എന്നർത്ഥം. നബി (ﷺ) തന്റെ അനുചരന്മാരിൽ ചിലരോട് 'എന്റെ സഹോദരാ, നിന്റെ പ്രാർത്ഥനയിൽ നീ ഞങ്ങളേ മറക്കരുതേ' എന്നു പറഞ്ഞത് ഈ ഇനത്തിൽ പെടുന്നു. അതുപോലെ സ്വഹാബികൾ നബി തിരുമേനിയോടും, അവർ പരസ്പരവും അവർക്ക് വേ  ി പ്രാർത്ഥിക്കാൻ ആവശ്യപ്പെടാറു  ായിരുന്നു.

## നിഷിദ്ധമായ തവസ്സുൽ

സൃഷ്ടികളുടെ ദാത്ത് കൊ  ാ, ഹഖ്, ജാഹ് കൊ  ാ തവസ്സുൽ ചെയ്യുന്നത് നിഷിദ്ധമാണ്. അഥവാ, ഇന്ന മനുഷ്യനെ മുൻനിർത്തി അല്ലെങ്കിൽ അയാളുടെ ഹഖ് കൊ  ാ, ജാഹ് കൊ  ാ നിന്നോട് ഞാൻ തേടുന്നു എന്ന് പ്രാർത്ഥിക്കുക. ഇത് മരിച്ചവരെ കൊ  ായാലും ജീവിക്കുന്നവരെ കൊ  ായാലും ഹറാമും ബിദ്അത്തുമാണ്. ശിർക്കിലേക്ക് എത്തിക്കുന്ന കാര്യങ്ങളിൽ പെട്ടതാകുന്നു.

ആരാധനയിൽ പെട്ട ഏതെങ്കിലും കാര്യങ്ങൾ മുഖേനയാണ് തവസ്സുലാക്കപ്പെടുന്നവന്റെ പൊരുത്തം തേടുന്നതെങ്കിൽ അത് കടുത്ത ശിർക്കാണ്. അത്തരം ശിർക്കിൽ പെട്ടതാണ് ഔലിയാക്കൾക്കായി ബലിയർപ്പിക്കുക, ജാറത്തിലേക്ക് നേർച്ചയാക്കുക, ഖബറാളികളെ വിളിച്ചുതേടുക, അവരോട് സഹായമർത്ഥിക്കുക, മുതലായ കാര്യങ്ങൾ.

ഇത്തരുണത്തിൽ അല്ലാഹു മുസ്‌ലിംകൾക്ക് അവരുടെ മത ത്തെ കുറിച്ച് സൂക്ഷ്മജ്ഞാനം പ്രദാനം ചെയ്യട്ടെ എന്ന് നാം പ്രാർത്ഥിക്കുകയാണ്. അവരിലെ വഴികെട്ടവരെ അവൻ സന്മാർ ഗത്തിലാക്കട്ടെ, അവരുടെ ശത്രുക്കൾക്കെതിരിൽ അവന്റെ സ ഹായം ഉ ാവട്ടെ.

## 9- ഹദീസിൽ തെളിവു ്?

ഒമ്പത് : തങ്ങൾക്കനുകൂലമായി രേഖ നൽകുന്നു എന്ന് ചില ഹദീസുകളെപ്പറ്റി തെറ്റുദ്ധരിച്ചതാണ് സംശയത്തിന്റെ മറ്റൊരു കാരണം. അതിൽ പെട്ടതാണ് ഉസ്മാൻ ബിൻ ഹനീഫിൽ നി ന്നും ഉദ്ധരിക്കപ്പെടുന്ന ഒരു സംഭവം:കണ്ണുപൊട്ടനായ ഒരു മനു ഷ്യൻ നബി(ﷺ)യുടെ അടുത്തു വന്നു. അദ്ദേഹം പറഞ്ഞു:എനി ക്ക് ശമനത്തിനായി അല്ലാഹുവിനോട് താങ്കൾ പ്രാർത്ഥിക്കണം. നബി തിരുമേനി(ﷺ) പറഞ്ഞു: പ്രാർത്ഥിക്കാം പക്ഷെ നീ ക്ഷമി ക്കുകയാണ് നിനക്ക് ഉത്തമം. അയാൾ വീ ും പറഞ്ഞു താങ്കൾ പ്രാർത്ഥിക്കണം അപ്പോൾ നബി(ﷺ) അദ്ദേഹത്തോട് കൽപ്പിച്ചു; ശരിയാംവണ്ണം അംഗശുദ്ധി വരുത്തി ഇപ്രകാരം പ്രാർത്ഥിക്കുക ''അല്ലാഹുവേ നിന്നോട് ഞാൻ ചോദിക്കുകയാണ്; കാരുണ്യ ദൂ തനായ നിന്റെ പ്രവാചകൻ മുഹമ്മദ് മുഖേന. എന്റെ ഈ ആവ ശ്യം നിവർത്തിയാകാൻ വേ ി അദ്ദേഹം മുഖേന എന്റെ നാഥ ന് നേരെ ഞാൻ മുഖം തിരിച്ചിരിക്കുന്നു.അല്ലാഹുവേ എന്റെ പ്ര ശ്നത്തിൽ അദ്ദേഹത്തിന്റെ ശുപാർശ നീ സ്വീകരിക്കേണമേ''

ഉത്തരം ഈ ഹദീസ് കുറ്റമറ്റതാണ് എന്നുവെക്കുക. എന്നാ ൽ തന്നെ മരിച്ചവരോടോ സന്നിഹിതരല്ലാത്തവരോടോ തവസ്സു ൽ ചെയ്യുന്നതിനനുകൂലമായ ഒരു രേഖയും ഈ ഹദീസിലില്ല. ഇതിൽ പരാമർശിച്ചത് തർക്കമില്ലാത്ത കാര്യമാണ്.തന്റെ സാന്നി ദ്ധ്യത്തിൽ തനിക്കുവേ ി അല്ലാഹുവോട് പ്രാർത്ഥിക്കണമെന്ന്

അന്ധൻ നബി(ﷺ)യോട് ആവശ്യപ്പെടുകയാണിവിടെ. ഇത് അനുവദനീയമായ കാര്യമാണ്. സദ്വൃത്തനായി ജീവിച്ചിരിക്കുന്ന ഒരാളോട് തനിക്ക് വേ ി അല്ലാഹുവോട് പ്രാർത്ഥിക്കണമെന്ന് ആവശ്യപ്പെടുന്നതിൽ യാതൊരു തെറ്റുമില്ല.തന്റെ കാര്യത്തിൽ നബി(ﷺ)യുടെ ശുപാർശ സ്വീകരിക്കേണമേ എന്ന് അല്ലാഹുവോട് പ്രാർത്ഥിക്കാനാണ് നബി(ﷺ) അയാളോട് കൽപിച്ചത്. അല്ലാഹുവോട് മാത്രമേ ശമനവും ശുപാർശയും തേടാൻ പാടുള്ളു എന്നാണ് ഈ സംഭവം വ്യക്തമാക്കുന്നത്. അതിൽ കൂടുതലൊന്നും ഈ ഹദീസിലില്ല. മരിച്ചവരെയും സന്നിഹിതരല്ലാത്തവരെയും വിളിച്ചു തേടുവാനോ സൃഷ്ടികളുടെ സത്ത കൊ ് തവസ്സുൽ ഇത് നബി(ﷺ)യുടെ മേൽ കെട്ടിയു ാക്കിയ കള്ള ഹദീസാണ്. ശൈഖുൽ ഇസ്‌ലാം ഇബ്നു തൈമിയ തന്റെ ഫതാവയിൽ അത് വിശദീകരിച്ചിട്ടു ്.

## 10 – കഥകളും സ്വപ്നങ്ങളും

പത്ത് : മറ്റൊരു തെളിവ് ചില കഥകളും സ്വപ്നങ്ങളുമാണ്. ഇന്നയാൾ ജാറത്തിൽ ചെന്നതിന്റെ ഫലമായി അതു ായി, ഇതു ായി.മറ്റവൻ സ്വപ്നത്തിൽ അങ്ങനെ ക ു.ഇങ്ങനെ ക ു, എന്നിങ്ങനെയുള്ള പ്രചാരണം.പലരും ഉദ്ധരിക്കാറുള്ള ഒരു കഥയു ്. അതിങ്ങനെയാണ്: അതബീ എന്നയാൾ പറയുന്നു: ഞാൻ നബി(ﷺ)യുടെ ഖബറിനരികെ ഇരിക്കുകയായിരുന്നു. അപ്പോൾ ഗ്രാമീണനായ ഒരു അറബി വന്നു. അയാൾ നബി(ﷺ)ക്ക് സലാം ചൊല്ലിയ ശേഷം പറഞ്ഞു: അല്ലാഹുവിന്റെ ദൂതരെ, അല്ലാഹു പറഞ്ഞിട്ടു ല്ലോ; ''അവർ അവരോട് തന്നെ അക്രമം ചെയ്തപ്പോൾ നിന്റെ അടുത്തുവരികയും എന്നിട്ടവർ അല്ലാഹുവോട് പാപമോചനം തേടുകയും ചെയ്തിരുന്നെങ്കിൽ അല്ലാഹു

വെ ഏറെ പശ്ചാത്താപം സ്വീകരിക്കുന്നവനും കരുണയുള്ളവനുമായി അവർ കണ്ടെത്തുമായിരുന്നു'' എന്ന്. ഞാനിതാ പാപമോചനം തേടുവാനായി അവിടുത്തെ സന്നിധിയിലേക്ക് വന്നിരിക്കുന്നു. താങ്കൾ എനിക്ക് വേണ്ടി എന്റെ രക്ഷിതാവിങ്കൽ ശുപാർശ ചെയ്യണമെന്ന് ഞാൻ ആവശ്യപ്പെടുന്നു.

തുടർന്ന് നബി(ﷺ)യുടെ ഖബറിനെ പുകഴ്ത്തി കൊണ്ട് ഒരു കവിത പാടിയശേഷം സ്ഥലം വിട്ടു. അപ്പോൾ ഞാൻ അറിയാതെ ഉറങ്ങിപ്പോകുകയും ഉറക്കത്തിൽ എനിക്ക് സ്വപ്നദർശനമുണ്ടാവുകയും ചെയ്തു.അതിൽ നബി(ﷺ) എന്നോട് പറയുകയാണ്: ഓ...അതബി...,ആ ഗ്രാമീണനായ അറബിയോട് ചെന്നു സുവാർത്ത അറിയിക്കുക, അല്ലാഹു തന്റെ പാപങ്ങൾ പൊറുത്തിരിക്കുന്നു എന്ന്.

ഉത്തരം : ഇത്തരം കഥകളും സ്വപ്നങ്ങളും ഒരിക്കലും മതത്തിൽ പ്രമാണങ്ങളല്ല. മതവിശ്വാസങ്ങളും വിധിവിലക്കുകളും അവ മുഖേന സ്ഥിരപ്പെടുകയില്ല.ഇവിടെ ഉദ്ധരിക്കപ്പെട്ട ഖുർആൻ സൂക്തങ്ങളാകട്ടെ, മരിച്ചശേഷം നബി(ﷺ)യുടെ ഖബറിടത്തിൽ ചെല്ലാൻ കൽപിക്കുകയല്ല. മറിച്ചു നബി(ﷺ)യുടെ അടുത്തു വരാനാണ് കൽപിക്കുന്നത്. കാരണം സ്വഹാബിമാരോ പിൻഗാമികളോ ആരും തന്നെ നബി(ﷺ)യുടെ മരണശേഷം അവിടുത്ത ഖബറിങ്കൽ പാപമോചനം തേടിചെന്നിട്ടില്ല. അത് മതത്തിൽ ഉള്ളതായിരുന്നെങ്കിൽ മറ്റാരേക്കാളും മുൻപന്തിയിൽ അവരുണ്ടാകുമായിരുന്നു.

### 11. മുറാദുകൾ ഹാസിലാകുന്നു?

ജാറത്തിങ്കൽ ചെന്നതിന്റെ ഫലമായി തന്റെ''മുറാദുകൾ ഹാസ്വിലായിട്ടു ''' എന്നാണ് മറ്റൊരു ന്യായം. അതായത് ഇന്നയാൾ ഇന്ന ജാറത്തിൽപോയി ഇന്ന ശൈഖിനെ വിളിച്ചു പ്രാർത്ഥിച്ചു, അഥവാ ഇന്ന 'ഔലിയയോട്'' തേടി തദ്ഫലമായി അയാളുടെ ഉദ്ദേശ്യങ്ങൾ നിറവേറി എന്നിങ്ങനെയുള്ള പ്രചാരണം.

മറുപടി : ആഗ്രഹസഫലീകരണം ഉ ാകുന്നുവെന്നത് ഒരിക്കലും അവർ ചെയ്യുന്ന ശിർക്ക് അനുവദനീയമാണെന്നതിന്റെ തെളിവല്ല. ചിലപ്പോൾ അവന്റെ വിധിയുമായി യാദൃച്ഛികമായി ആ കാര്യം ഒത്തുവന്നതാകാം. എന്നിട്ട് ശൈഖിനോട് പ്രാർത്ഥിച്ചതിന്റെ ഫലമാണതെന്നവൻ തെറ്റിദ്ധരിക്കുകയാണ്.അല്ലെങ്കിൽ തനിക്കതൊരു പരീക്ഷണമായേക്കാം.എന്തുതന്നെയായാലും അല്ലാഹു അല്ലാത്തവരോടുള്ള പ്രാർത്ഥന അനുവദനീയമാണെന്നതിന് അതൊന്നും രേഖയല്ല.

ചുരുക്കത്തിൽ തങ്ങൾ ചെയ്യുന്ന ബഹുദൈവാരാധനാപരമായ പ്രവർത്തനത്തിനൊന്നും മുശ്രിക്കുകൾക്ക് പ്രബലമായ ഒരു പ്രമാണവും ഇല്ല. അല്ലാഹു പറഞ്ഞതാണവരുടെ അവസ്ഥ.

وَمَن يَدْعُ مَعَ اللَّهِ إِلَهًا آخَرَ لَا بُرْهَانَ لَهُ (سورة المؤمنون: ١١٧)

''വല്ലവരും അല്ലാഹുവോടൊപ്പം മറ്റുവല്ല ദൈവങ്ങളേയും വിളിച്ചു പ്രാർത്ഥിക്കുന്നുവെങ്കിൽ അതിന് അവരുടെ പക്കൽ യാതൊരു പ്രമാണവും ഇല്ല തന്നെ'' (അൽ മുഅ്മിനൂൻ 117)

അതെ,ബഹുദൈവാരാധനക്ക് നലനിൽക്കാനാവശ്യമായ യാതൊരു പ്രമാണവും രേഖയും ലഭ്യമല്ല. ഏകദൈവാരാധനയാകട്ടെ ഖണ്ഡിതവും സുവ്യക്തവുമായ പ്രമാണത്തിലും രേഖയിലും അധിഷ്ഠിതമാണ്. അല്ലാഹുവിന്റെ വചനം ശ്രദ്ധിക്കുക:

أَفِي اللَّهِ شَكٌّ فَاطِرِ السَّمَاوَاتِ وَالأَرْضِ (سورة إبراهيم: ١٠)

‘‘ആകാശ ഭൂമികളുടെ സ്രഷ്ടാവായ അല്ലാഹുവിലാണോ നിങ്ങൾക്ക് സംശയം?’’ (ഇബ്രാഹിം 10)

يَا أَيُّهَا النَّاسُ اعْبُدُواْ رَبَّكُمُ الَّذِي خَلَقَكُمْ وَالَّذِينَ مِن قَبْلِكُمْ لَعَلَّكُمْ تَتَّقُونَ*الَّذِي جَعَلَ لَكُمُ الأَرْضَ فِرَاشاً وَالسَّمَاء بِنَاء وَأَنزَلَ مِنَ السَّمَاء مَاء فَأَخْرَجَ بِهِ مِنَ الثَّمَرَاتِ رِزْقاً لَّكُمْ فَلاَ تَجْعَلُواْ لِلّهِ أَندَاداً وَأَنتُمْ تَعْلَمُونَ (سورة البقرة: ٢١،٢٢)

‘‘മനുഷ്യരെ,നിങ്ങളെയും നിങ്ങൾക്ക് മുമ്പുള്ളവരെയും സൃഷ്ടിച്ച നിങ്ങളുടെ രക്ഷിതാവിനെ നിങ്ങൾ ആരാധിക്കുവിൻ. നിങ്ങൾ സൂക്ഷ്മതയുള്ളവരായേക്കാം. ഭൂമിയെ നിങ്ങൾക്കൊരു വിരിപ്പും ആകാശത്തെ ഒരെടുപ്പുമാക്കിയവൻ. ആകാശത്തു നിന്നവൻ വെള്ളം ഇറക്കുകയും അത് വഴി ഫലങ്ങൾ നിങ്ങൾക്ക് അന്നമായി നൽകുകയും ചെയ്തവൻ.അവന് നിങ്ങൾ പങ്കാളികളെ ഉ ാക്കരുത്. അറിഞ്ഞു കൊ ്.’’ (അൽ ബഖറ 21, 22)

## സൂഫികളുടെ വാദം

ഇഹലോകത്തോടുള്ള താൽപര്യവും അത് നേടിയെടുക്കുന്നതിൽ വ്യാപൃതനാകലുമാണ് ശിർക്ക് എന്ന് ചില കടുത്ത സൂഫികളും അവരുടെ അനുയായികളും വാദിക്കാറു ്.

മറുപടി : ജാറ പൂജ, ശൈഖന്മാരെപ്പറ്റിയുള്ള അതിരുവിട്ട വിശ്വാസം തുടങ്ങി തങ്ങൾ അകപ്പെട്ടിരിക്കുന്ന കൊടിയ ശിർക്കിനെ മൂടി വെക്കാൻ വേ ി എഴുന്നള്ളിക്കുന്ന ഒരു വാദം മാത്രമാണിത്. അനുവദനീയമായ മാർഗത്തിൽ ഭൗതിക സൗകര്യങ്ങൾ തേടിപ്പിടിക്കുന്നത് അല്ലാഹു നിർദ്ദേശിച്ച കാര്യമാണ്. അല്ലാഹുവിന് വഴിപ്പെട്ട് ജീവിക്കാനുള്ള ഒരു സഹായമാകണം എന്ന സദുദ്ദേശ്യത്തോടെയാണെങ്കിൽ ആ കാര്യം ആരാധനയാണ്.

## സമാപനം

ചുരുക്കത്തിൽ അക്രമങ്ങളിൽ വെച്ച് ഏറ്റവും കടുത്ത അക്രമം ശിർക്ക്(ബഹുദൈവാരാധന) തന്നെയാണ്. അല്ലാഹു പറയുന്നു:

إِنَّ الشِّرْكَ لَظُلْمٌ عَظِيمٌ (سورة لقمان: ١٣)

''തീർച്ചയായും ശിർക്ക് വലിയ അക്രമം തന്നെയാണ്'' (ലുഖ്മാൻ 13)

ശിർക്ക് ചെയ്തവനായി മരണപ്പെടുന്നവന് അല്ലാഹുവിൽ നിന്നുള്ള പാപമോചനം സിദ്ധിക്കുകയില്ല. അല്ലാഹു പറയുന്നു:

إِنَّ اللَّه لاَ يَغْفِرُ أَن يُشْرَكَ بِهِ وَيَغْفِرُ مَا دُونَ ذَلِكَ لِمَن يَشَاء (سورة النساء: ٤٨)

''തന്നോട് പങ്കുചേർക്കപ്പെടുന്നത് അല്ലാഹു ഒരിക്കലും പൊറുക്കുകയില്ല. അതൊഴിച്ചുള്ളതെല്ലാം അവൻ ഉദ്ദേശിക്കുന്നവർക്ക് അവൻ പൊറുത്തു കൊടുക്കുന്നതാണ്.'' (അന്നിസാഅ് 48)

ശിർക്ക് ചെയ്യുന്നവന് എന്നന്നേക്കുമായി സ്വർഗ്ഗം നിഷിദ്ധമാണെന്ന് അല്ലാഹു അറിയിക്കുന്നു.

إِنَّهُ مَن يُشْرِكْ بِاللّهِ فَقَدْ حَرَّمَ اللّهُ عَلَيهِ الْجَنَّةَ وَمَأْوَاهُ النَّارُ (سورة المائدة: ٧٢)

''അല്ലാഹുവിനോട് വല്ലവനും പങ്കുചേർക്കുന്നപക്ഷം തീർച്ചയായും അല്ലാഹു അവന് സ്വർഗ്ഗം നിഷിദ്ധമാക്കുന്നതാണ്. നരകം അവന്റെ വാസസ്ഥലമായിരിക്കുകയും ചെയ്യും.''(മാഇദ 72)

ശിർക്ക് ചെയ്യുന്നവൻ മലിനപ്പെട്ടവനത്രെ. മക്കയിലെ പവിത്രമായ പ്രദേശത്ത് (ഹറാം) അവന് പ്രവേശനമില്ല. അല്ലാഹു പറയുന്നു:

يَا أَيُّهَا الَّذِينَ آمَنُواْ إِنَّمَا الْمُشْرِكُونَ نَجَسٌ فَلاَ يَقْرَبُواْ الْمَسْجِدَ الْحَرَامَ بَعْدَ عَامِهِمْ هَـذَا (سورة التوبة : ٢٨)

''സത്യവിശ്വാസികളെ, ബഹുദൈവവിശ്വാസികള്‍ അശുദ്ധര്‍ തന്നെയാകുന്നു. അതിനാല്‍ അവര്‍ ഈ കൊല്ലത്തിന് ശേഷം മസ്ജിദുല്‍ ഹറാമിനെ സമീപിക്കരുത്'' (അത്തൗബ 28)

ശിര്‍ക്ക് ചെയ്യുന്നവന്റെ രക്തവും ധനവും പവിത്രമായി ഗണിക്കപ്പെടുകയില്ല. അല്ലാഹു പറയുന്നു:

فَإِذَا انسَلَخَ الأَشْهُرُ الْحُرُمُ فَاقْتُلُواْ الْمُشْرِكِينَ حَيْثُ وَجَدتُّمُوهُمْ وَخُذُوهُمْ وَاحْصُرُوهُمْ وَاقْعُدُواْ لَهُمْ كُلَّ مَرْصَدٍ فَإِن تَابُواْ وَأَقَامُواْ الصَّلاَةَ وَآتَوُاْ الزَّكَاةَ فَخَلُّواْ سَبِيلَهُمْ (سورة التوبة : ٥)

''അങ്ങനെ വിലക്കപ്പെട്ട മാസങ്ങള്‍ കഴിഞ്ഞാല്‍ ആ ബഹുദൈവവിശ്വാസികളെ നിങ്ങള്‍ കണ്ടെത്തിയേടത്ത് വെച്ച് കൊന്നുകളയുക. അവരെ പിടികൂടുകയും വളയുകയും പതിയിരിക്കാവുന്നേടത്തെല്ലാം പതിയിരിക്കുകയും ചെയ്യുക. ഇനി അവര്‍ പശ്ചാത്തപിക്കുകയും നമസ്കാരം മുറപോലെ നിര്‍വഹിക്കുകയും ചെയ്യുന്ന പക്ഷം നിങ്ങള്‍ അവരുടെ വഴി ഒഴിവാക്കിക്കൊടുക്കുക.'' (അത്തൗബ 5 )

ശിര്‍ക്ക് ചെയ്യുന്നവന് വ്യക്തമായ വഴികേടിലകപ്പെട്ടവനാണ്. കൊടിയ പാപമാണവര്‍ ചമച്ചുണ്ടാക്കിയത്. ഏകദൈവവിശ്വാസത്തിന്റെ ഔന്നിത്യത്തില്‍ നിന്നവന്‍ നിലം പൊത്തിയിരിക്കുന്നു. അല്ലാഹു പറയുന്നു:

وَمَن يُشْرِكْ بِاللَّهِ فَكَأَنَّمَا خَرَّ مِنَ السَّمَاء فَتَخْطَفُهُ الطَّيْرُ أَوْ تَهْوِي بِهِ الرِّيحُ فِي مَكَانٍ سَحِيقٍ (سورة الحج : ٣١)

‘‘അല്ലാഹുവിൽ വല്ലവനും പങ്കുചേർക്കുന്ന പക്ഷം അവൻ ആകാശത്ത് നിന്ന് വീണതു പോലെയാകുന്നു. അങ്ങനെ പക്ഷികൾ അവനെ റാഞ്ചിക്കൊ ു പോകുന്നു. അല്ലെങ്കിൽ കാറ്റ് അവനെ വിദൂരസ്ഥലത്തേക്ക് കൊ ുപോയി തള്ളുന്നു.’’ (അൽ ഹജ്ജ് 31)

ശിർക്ക് ചെയ്യുന്നവനുമായി വിവാഹബന്ധം നിഷിദ്ധമാണ്. അല്ലാഹു പറയുന്നു:

وَلاَ تَنكِحُواْ الْمُشْرِكَاتِ حَتَّى يُؤْمِنَّ وَلأَمَةٌ مُّؤْمِنَةٌ خَيْرٌ مِّن مُّشْرِكَةٍ وَلَوْ أَعْجَبَتْكُمْ وَلاَ تُنكِحُواْ الْمُشِرِكِينَ حَتَّى يُؤْمِنُواْ وَلَعَبْدٌ مُّؤْمِنٌ خَيْرٌ مِّن مُّشْرِكٍ وَلَوْ أَعْجَبَكُمْ

(سورة البقرة : ٢٢١)

‘‘(സത്യവിശ്വസികളേ) ബഹുദൈവവിശ്വസിനികളെ അവർ വിശ്വസിക്കുന്നത് വരെ നിങ്ങൾ വിവാഹം കഴിക്കരുത്. സത്യവിശ്വാസിനിയായ ഒരു അടിമസ്ത്രീയാണ് ബഹുദൈവ വിശ്വാസിനിയെക്കാൾ നല്ലത്. അവൾ നിങ്ങൾക്ക്(എത്ര തന്നെ) കൗതുകം ജനിപ്പിച്ചാലും ശരി. ബഹുദൈവവിശ്വാസികൾക്ക് അവർ വിശ്വസിക്കുന്നത് വരെ,നിങ്ങൾ വിവാഹം കഴിപ്പിച്ച് കൊടുക്കുകയും ചെയ്യരുത്. സത്യ വിശ്വാസിയായ ഒരടിമയാണ് ബഹുദൈവവിശ്വാസിയേക്കാൾ നല്ലത്. അവൻ നിങ്ങൾക്ക് എത്ര കൗതുകം ജനിപ്പിച്ചാലും ശരി.’’ (അൽ ബഖറ 221)

ശിർക്ക് ചെയ്യുന്നവന്റെ ഒരുകർമ്മവും അല്ലാഹുവിങ്കൽ സ്വീകാര്യമല്ല. അവൻ ചെയ്യുന്ന ആരാധനകർമ്മങ്ങളെല്ലാം നിഷ്ഫലമാണ്. അല്ലാഹു പറയുന്നു;

وَلَقَدْ أُوحِيَ إِلَيْكَ وَإِلَى الَّذِينَ مِنْ قَبْلِكَ لَئِنْ أَشْرَكْتَ لَيَحْبَطَنَّ عَمَلُكَ وَلَتَكُونَنَّ مِنَ الْخَاسِرِينَ (سورة الزمر : ٦٥)

‘‘തീർച്ചയായും നിനക്കും നിനക്ക് മുമ്പുള്ളവർക്കും സന്ദേശം നൽകപ്പെട്ടത് ഇതത്രെ, അല്ലാഹുവിന് നീ പങ്കുകാരെ ചേർക്കുന്ന പക്ഷം തീർച്ചയായും നിന്റെ കർമ്മം നിഷ്ഫലമായപ്പോകുകയും തീർച്ചയായും നീ നഷ്ടക്കാരുടെ കൂട്ടത്തിൽ ആകുകയും ചെയ്യും. (അസ്സുമർ 65)

وَلَوْ أَشْرَكُواْ لَحَبِطَ عَنْهُم مَّا كَانُواْ يَعْمَلُونَ (سورة الأنعام : ٨٨)

‘‘അവർ ശിർക്ക് ചെയ്തിരുന്നെങ്കിൽ അവർ പ്രവർത്തിച്ചിരുന്നതെല്ലാം അവരെ സംബന്ധിച്ചിടത്തോളം നിഷ്ഫലമായിപ്പോകുമായിരുന്നു’’ (അൽ അൻആം 88)

ശിർക്കിൽ നിന്നും സന്ദേഹങ്ങളിൽ നിന്നും, അല്ലാഹുവേ ഞങ്ങൾ നിന്നോട് ശരണം തേടുന്നു. സമ്പത്തിലും സന്താനങ്ങളിലും കുടുംബങ്ങളിലും ധർമ്മച്യുതിയും അനിഷ്ടകരമായ മാറ്റങ്ങളും കാണുന്നതിനെതൊട്ടും ഞങ്ങൾ നിന്നോട് കാവൽ തേടുന്നു.അല്ലാഹുവേ സത്യം സത്യമായി ഞങ്ങൾക്ക് നീ കാണിച്ചു തരേണമേ. അതിനെ പിന്തുടരുന്നവരാക്കേണമേ. അസത്യം അസത്യമായി ഞങ്ങൾക്ക് നീ കാണിച്ചു തരേണമേ.

പ്രതാപത്തിന്റെ നാഥനായ നിന്റെ രക്ഷിതാവ് അവർ ചമച്ചു പറയുന്നതിൽ നിന്നെല്ലാം എത്ര പരിശുദ്ധൻ! ദൂതന്മാർക്ക് സമാധാനം. ലോകരക്ഷിതാവായ അല്ലാഹുവിന് സ്തുതി!

‘‘അവർ പങ്കു ചേർക്കുന്നതിൽ നിന്നെല്ലാം അല്ലാഹു എത്രയോ പരിശുദ്ധൻ !’’ (നഹ്ൽ 1)

‘‘അവൻ എത്ര പരിശുദ്ധൻ! അവർ പറഞ്ഞു ാക്കുന്നതിൽ നിന്നെല്ലാം ഉപരിയായി അവൻ വലിയ ഔന്നിത്യം പ്രാപിച്ചിരിക്കുന്നു.’’ (അൽ ഇസ്റാഅ് 43)

*****